# ചരിത്ര മുത്തുകൾ

## ഇൽയാസ് ജീലാനി ഉള്ളണം

*സത്യമാർഗ്ഗം പബ്ലിക്കേഷൻസ്*
*ശാഹ് ജീലാനി അസോസിയേഷൻ*
*ജീലാനി ശരീഫ്, കിഴക്കേദേശം, ആലുവ, എറണാകുളം*

# Charithra Muthukal

**(malayalam)**

**by, Ilyas Jeelani Ullanam**

**Published by:**

**Sathyamargam Publicathion**

**Shah Jeelani Association**

**Kizhakkedesham, Aluva**

**Typing&Layout:**

**ShahMuhyideen Jeelani**

**Cover**

**Husain K.M. Kasargode**

**Printing:**

**4prints offset press, manjeri**

**Price:**

**Rs: 60**

**Copy right:**

**Sathyamargam Publicathion**

**Shah Jeelani Association**

**Kizhakkedesham, Aluva**

**Ernakulam,683102**

## ഇൽയാസ് ജീലാനി ഉള്ളണം

പേര്: ഇൽയാസ് ജീലാനി ഉള്ളണം

പിതാവ്: അഹമ്മദ് ഹാജി

മാതാവ്: ഫാത്തിമ

ജനനം: 1991 മാർച്ച് 21

പഠനം: പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം ഉന്നത മത ഭൗതിക കലാലയമായ മഞ്ചേരി അൽ മദീന എജ്യുലാന്റിൽ ചേർന്നു. ഇപ്പോൾ അൽ മദീന എജ്യുലാന്റ് വിദ്യാർത്ഥിയാണ്.

ബൈഅത്ത്: 2011 ഒക്ടോബർ 5 ബുധനാഴ്ച ഖുതുബുസ്സമാൻ ശൈഖ് യൂസുഫ് സുൽത്താൻ ശാഹ് ഖാദിരി ചിശ്തി മഹാന വർകളുമായി ഖാദിരിയ്യ ത്വരീഖത്തിൽ ബൈഅത്ത് ചെയ്തു.

വിലാസം: മാളിയേക്കൽ ഹൗസ്
ഉള്ളണം നോർത്ത് പോസ്റ്റ്
പരപ്പനങ്ങാടി
മലപ്പുറം, 676303

# ഉള്ളടക്കം


1. പ്രിയപ്പെട്ട ഉക്കാശ
2. ആതിരുകളില്ലാത്ത ഔദാര്യം
3. കലന്തർ(റ)
4. മാതാവിനെ അനുസരിക്കുക
5. ക്ഷമ
6. മാതാവിന്റെ വിളികേൾക്കുക
7. കുടുംബ ജീവിതം
8. കസ്തൂരി മാൻ
9. ആദരവ്
10. ഒന്നിന് പത്ത്
11. മദ്യപാനിയുടെ മനസ്സ് മാറുന്നു
12. നീറുന്ന മനസ്സുമായി നീങ്ങുന്ന സ്വഹാബി
13. എല്ലാം നന്മക്ക് വേണ്ടി
14. വിശ്വസാത്തിന്റെ മാധുര്യം
15. പൊതുകാര്യത്തിന് മുൻഗണന
16. മുരീദുമാരോടുള്ള സ്നേഹം

പൂർവ്വിക മഹത്തുക്കളുടെ ജീവിത ചലങ്ങളുടെ അടയാളപ്പെടുത്തലുകളാണ് ഈ ചെറുകൃതി. ചരിത്രം മനുഷ്യന് നിരവധി പാഠങ്ങൾ നൽകുന്നതാണ്. അവന്റെ ജീവിതത്തിൽ പരിവർത്തനങ്ങൾക്ക് അത് നിമിത്തമാകും. ഖുർആൻ പലയിടങ്ങളിലും മുൻഗാമികളുടെ ചരിത്രം വിവരിക്കുന്നത് കാണാം. ചരിത്രത്തിൽ നിന്ന് പാഠമുൾക്കൊള്ളാനും ഖുർആൻ നമ്മോട് ആഹ്വാനം ചെയ്യുന്നുണ്ട്.

ചരിത്ര ഗ്രന്ഥങ്ങളിൽ സുവർണ്ണ ലിപികളാൽ ഉല്ലേഖനം ചെയ്യപ്പെട്ട ഏതാനും ചരിത്രങ്ങളാണ് ഈ കൃതിയിലുള്ളത്. ഈമാനിന്റെ വ്യാപനത്തിനും സമ്പൂർണ്ണ ഈമാനിലായുള്ള ജീവിതത്തിനുമായി മുൻഗാമികൾ അർപ്പിച്ച ത്യാഗത്തിന്റെ നേർചിത്രമാണ് ഇതിലൂടെ വരച്ചിടുന്നത്.

പാഠമുൾക്കൊള്ളുന്നവരുടെ ജീവിതത്തിൽ ഈമാനിക പ്രകാശത്തിന്റെ നിത്യ ശോഭക്ക് ഇത് വഴികാട്ടിയാകുമെന്ന് നമുക്ക് പ്രത്യാശിക്കാം. അല്ലാഹു അതിന് തൗഫീഖ് നൽകട്ടെ. ആമീൻ.

**പ്രസാധകർ**

# ആമുഖം

മനുഷ്യ സമൂഹത്തെ അല്ലാവിനേയും അവന്റെ റസൂലിലേക്കും അടുപ്പിക്കാൻ വേണ്ടിയാണ്. പ്രവാചകന്മാരെയും ഔലിയാക്കളെയും അല്ലാഹു ഭൂമിയിൽ നിയോഗിച്ചത് ഈ ഔലിയാകളെല്ലാം പ്രവാചക പ്രേമികളുടെ വ്യത്യസ്ഥ രൂപങ്ങളായിരുന്നു. ജനങ്ങൾ അല്ലാഹുവിന്നു വേണ്ടി ജീവിതം മാറ്റി വെച്ചവർ ഇവർ ഒരുപാട് അത്ഭുതങ്ങളും കറാമത്തുകളും കാണിച്ചിട്ടുണ്ട്. ഇവരുടെ ജീവിതത്തിൽ ഒരു പാട് ജീവതാനുഭവങ്ങളും ഉണ്ടായിട്ടുണ്ട്. അല്ലാഹുവിന് വേണ്ടിയും ജനങ്ങൾക്ക് വേണ്ടിയും ഒരുപാട് ത്യാഗങ്ങൾ സഹിച്ചവരായിരുന്നു. ഇവരുടെ കറാമത്തുകളും ജീവിതാനുഭവങ്ങളും നമുക്കുള്ള പാഠമാണ്. ഇത് ജീവിതത്തിൽ പകർത്തുവാൻ അല്ലാഹു തൗഫിഖ് നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

1

# പ്രിയപ്പെട്ട ഉക്കാശാ.....

"പ്രിയപ്പെട്ട ഉക്കാശാ..... താങ്കൾക്ക് ഞങ്ങളെ അറിയില്ലേ..... പ്രവാചകർ(സ്വ)ന്റെ പ്രിയപ്പെട്ട പേരകുട്ടികളാണ് ഞങ്ങൾ. ദയവായി ഞങ്ങളുടെ പിതാമഹനെ പ്രതികാര നടപടിയിൽ നിന്നും ഒഴിവാക്കൂ...... ഞങ്ങളിതാ.... പകരം എന്തും ഏറ്റുവാങ്ങാൻ തയ്യാറായി നിങ്ങളുടെ മുന്നിൽ നിൽക്കുന്നു. പ്രവാചകരിൽ നിന്നെന്ന പോലെ ഞങ്ങളിൽ നിന്ന് പ്രതികാരമെടുത്താലും."

ഫാത്വിമ(റ)യുടെ പുന്നാര പുത്രന്മാർ ഹസൻ(റ) യും ഹുസൈൻ(റ)യും കണ്ണിൽ കണ്ണീരുമായി ഉക്കാശ(റ)വിന്റെ മുന്നിൽ നിന്ന് യാചിക്കുകയാണ്. കണ്ടുനിൽക്കുന്നവരുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ അടർന്ന് വീഴാൻ തുടങ്ങി. ഹൃദയങ്ങൾ വിറങ്ങലിച്ച് പോയിരിക്കുന്നു. മുന്നിൽ നടക്കുന്ന

രംഗങ്ങൾ കാണേണ്ട ദൗർഭാഗ്യം ഞങ്ങൾക്കില്ലായിരുന്നുവെങ്കിൽ.... അവർ ഓരോരുത്തരും ചിന്തിച്ചുപോയി.

യാതൊരു ഭാവമാറ്റമില്ലാതെ പ്രവാചക തിരുമേനി(സ) ആ സ്വർഗീയ യുവാക്കളുടെ നേതൃത്വത്തോട് പറഞ്ഞു. "എന്റെ കണ്ണിന്റെ സൗരഭ്യമായ പുന്നാര മക്കളേ.... നിങ്ങളവിടെയിരിക്ക്. അദ്ദേഹം ഉദ്ദേശിച്ചത് ചെയ്തു കൊള്ളട്ടെ.."

ഉക്കാശ(റ) എല്ലാം കേട്ട് നിശബ്ദമായി നിൽക്കുകയാണ്. ഒന്നും പ്രതികരിക്കാനോ ഉരുവിയാടാനോ കഴിയുന്നില്ല. നാലുപാടും നിന്ന് തന്റെ സഹോദരങ്ങൾ അട്ടഹസിക്കുന്നത് തന്റെ മനസ്സിൽ പ്രകമ്പനങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

പക്ഷെ, തന്റെ ആഗ്രഹം.... അതിനിതല്ലാതെ മറ്റൊരു വഴിയും തന്റെ മുമ്പിലില്ല. പറയട്ടെ, ആരും എന്തും പറയട്ടെ, ഞാനിതിന് എന്തിന് ചെവി കൊടുക്കണം..? ഇതൊരു പക്ഷേ അവസാനത്തെ അവസരമായേക്കാം. ഉക്കാശ(റ) നിർവികാരനായി നിൽക്കുകയാണ്. തനിക്ക് ചുറ്റും നിൽക്കുന്നവരുടെ ആർ ത്തനാദങ്ങൾക്ക് ഒട്ടും കുറവില്ല.

ഇതിനായിരുന്നോ പ്രവാചകൻ(സ്വ) തങ്ങൾ വിളിച്ച് കൂട്ടിയത്?

അവിടുത്തെ പിന്നിൽ അണിയാക്കി നിർത്തി അല്ലാഹുവിന് വേണ്ടി രണ്ട് റക്അത്ത് നിസ്കരിച്ചത്? നിസ്കാര ശേഷം മിമ്പറിൽ കയറി ഞങ്ങൾക്കഭിമുഖമായി സംസാരിച്ചത്? എത്ര പ്രൗഢമായിരുന്നു പ്രസംഗം. കണ്ണുകൾ നിറഞ്ഞൊഴുകി. ഹൃദായ ന്തരങ്ങൾ പ്രകമ്പനം കൊണ്ടു.

പക്ഷേ, പര്യവസാനം ഇത്രത്തോളം ഭയാനകമായിരിക്കുമെന്ന് സ്വപ്നത്തിൽ പോലും വിചാരിച്ചില്ല. പ്രസംഗത്തിന്റെ ഉപസംഹാരമെന്നോണം പ്രവാചക തിരുമേനി (സ്വ) പറഞ്ഞു:

'പ്രിയപ്പെട്ട സ്വഹാബാ... ഞാൻ നിങ്ങൾക്ക് അല്ലാഹുവിൽ നിന്നുള്ള ദൂതനും, ഉപദേശകനും പ്രപഞ്ചനാഥന്റെ പ്രവാചകനുമായിരുന്നു. നിങ്ങളുടെ കരുണാർദ്രനായ സഹോദരനും അനുകമ്പയാർന്ന പിതാവുമായിരുന്നു. നിങ്ങൾക്കിടയിൽ ആർക്കെങ്കിലും എന്നിൽ നിന്ന് വല്ല പ്രയാസവും നേരിട്ടിട്ടുണ്ടെങ്കിൽ അവർ എഴുന്നേറ്റു നിൽക്കട്ടെ. പാരത്രിക ലോകത്തെ പ്രയാസകരമായ പ്രതികാര നടപടിക്ക് മുമ്പ് നിങ്ങൾ അത് എന്നിൽ നിന്നെടുത്താലും."

രണ്ട് തവണ ആവർത്തിച്ചപ്പോഴും ആരും എഴുന്നേറ്റ് നിന്നില്ല. എഴുന്നേറ്റ് നിൽക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. മൂന്നാം തവണ പ്രവാചകർ(സ്വ) ആവർത്തിച്ചപ്പോൾ അനുയായികൾക്കിടയിൽ നിന്ന് ഒരാൾ എഴുന്നേറ്റ് നിന്നു.

"ഉക്കാശതുബ്നു മിഹ്സ്വൽ(റ)"

എല്ലാവരും അമ്പരപ്പോടെ ഉക്കാശാ (റ)വിനെ നോക്കി. എന്തിനാണ് ഉക്കാശ(റ) എഴുന്നേറ്റ് നിന്നത്? അവർ ആകാംക്ഷയോടെ വീക്ഷിച്ചു.

ഉക്കാശാ(റ) സാവകാശം പ്രവാചകരുടെ സവിധത്തിലേ ക്ക് നടന്നടുത്തു. ആ തിരുസന്നിധിയിൽ വിറയാർന്ന സ്വരത്തിൽ പറയാൻ തുടങ്ങി;

"അല്ലാഹുവിന്റെ പ്രവാചകരെ...... എന്റെ ഉമ്മയും ഉപ്പയും അങ്ങേക്ക് സമർപ്പിതരാണ്. അങ്ങ് വീണ്ടും വീണ്ടും അന്വേഷിച്ചില്ലായിരുന്നുവെങ്കിൽ ഞാനങ്ങയുടെ മുന്നിലേക്ക് കടന്ന് വരുമായിരുന്നില്ല."

ഉക്കാശ(റ)വിന്റെ വാക്കുകൾക്ക് സാകൂതം കാതോർക്കുകയാണ് അനുയായികൾ. അദ്ദേഹം തുടർന്നു.

"പ്രവാചകരെ... ബദർ യുദ്ധവേളയിൽ ഞാനെന്റെ ഒട്ടകവുമായി അങ്ങയുടെ ഒട്ടകത്തെ സമീപിച്ചു. അങ്ങയുടെ കാൽ ചുംബിക്കാൻ വേണ്ടി ഞാനെന്റെ ഒട്ടകപുറത്ത് നിന്ന് ഇറങ്ങി അങ്ങയുടെ സമീപത്തേക്ക് വന്നു. അപ്പോഴാണ് അങ്ങ് ഒട്ടകം വേഗത്തിൽ നടക്കാൻ വേണ്ടി ചാട്ടവാറുയർത്തിയത്. അതെന്റെ അരയിൽ കൊണ്ടു. പ്രവാചകരേ... അങ്ങ് മന:പൂർവ്വമാണോ അതല്ല, ഒട്ടകത്തെ അടിക്കാനാണോ ഉദ്ദേശിച്ചതെന്ന് എനിക്കറിയില്ല."

ഉക്കാശ(റ) പറഞ്ഞു നിർത്തി.

പ്രവാചകർ(സ്വ) പറഞ്ഞു: "ഉക്കാശാ..... അല്ലാഹുവിന്റെ പ്രവാചകർ മന:പൂർവ്വം അടിക്കുകയെന്നത് അസംഭവ്യമാണ്. പ്രവാചകൻ(സ) ബിലാൽ(റ)വിന് നേരെ തിരിഞ്ഞ് പറഞ്ഞു: "ബിലാൽ, ഫാത്വിമയുടെ വീട്ടിൽ പോയി എന്റെ ചാട്ടവാറെടുത്തു കൊണ്ട് വരൂ..."

ബിലാൽ(റ) ഞെട്ടി.

എന്താണ് പ്രവാചകർ(സ) പറയുന്നത്. പ്രതികാര നടപടി സ്വീകരിക്കാൻ വേണ്ടിയാണോ ചാട്ടവാർ എടുത്ത് കൊണ്ടുവരാൻ കൽപിച്ചത്. ബിലാൽ(റ)നെ പോലെ മറ്റു സ്വഹാബികളുടെ മനസ്സിൽ സംശയമുണ്ടായി. "ഇത് അല്ലാഹുവിന്റെ പ്രവാചകർ... സ്വയം പ്രതികാര നടപടിയെടുക്കുന്നു." എന്ന് പറഞ്ഞ് തലയിൽ കൈവെച്ചു കൊണ്ട് ബിലാൽ (റ) ഫാത്വിമ ബീവിയുടെ വീട്ടിലേക്കോടി.

ബിലാൽ (റ) ഫാത്വിമ (റ)ന്റെ വീടിന്റെ മുന്നിലെത്തി. വാതിലിൽ മുട്ടി ശബ്ദമുണ്ടാക്കി. ഫാത്വിമ(റ) അകത്ത് നിന്നും വിളിച്ചു ചോദിച്ചു. "ആരാണ്?"

"ഇത് ബിലാലാണ്. പ്രവാചകർ (സ്വ) ചാട്ടവാർ എടുത്തു കൊണ്ടു വരാൻ അയച്ചതാണ്."

"ബിലാൽ എന്തിനാണ് എന്റെ ഉപ്പ ചാട്ടവാർ അന്വേഷിക്കുന്നത്"

"ഫാത്വിമാ, നിങ്ങളുടെ പിതാവ് സ്വയം പ്രതികാര നടപടി സ്വീകരിക്കാൻ തയ്യാറായിരിക്കുന്നു"

"ബിലാൽ, എന്താണ് താങ്കൾ പറയുന്നത്; പ്രവാചകരിൽ നിന്ന് പ്രതികാരത്തിലൂടെ ഹൃദയത്തിന് സാന്ത്വനമേകാൻ ആരാണ് തയ്യാറായത്?"

ബിലാൽ(റ) ആ ചോദ്യത്തിന് മറുപടി നൽകാൻ കാത്തു നിൽക്കാതെ ചാട്ടവാറെടുത്ത് പള്ളിയിലേക്ക് നീങ്ങി.

പ്രവാചകൻ (സ്വ)യുടെ പരിശുദ്ധമായ കൈകളിൽ ചാട്ടവാർ വെച്ചു കൊടുത്തു. ഉടനെ തന്നെ പ്രവാചകർ(സ്വ) ചാട്ടവാർ ഉക്കാശ(റ) വിന് കൈമാറി.

ഈ രംഗങ്ങളെല്ലാം കണ്ടുനിന്ന അനുചരന്മാർക്ക് ദു:ഖം അണപൊട്ടി ഒഴുകി. കണ്ണുകൾ നിറഞ്ഞൊഴുകി. അവരെല്ലാം കൂടി ഉക്കാശ(റ)വിനോട് കെഞ്ചി നോക്കി. ഉക്കാശ(റ) എല്ലാം നിർവികാരതയോടെ നോക്കി നിന്നു. ഇല്ല ഞാൻ പിന്മാറില്ല. എനിക്കെന്റെ ആഗ്രഹം നിറവേറ്റേണ്ടതുണ്ട്. ആ മനസ്സ് മന്ത്രിച്ച് കൊണ്ടിരുന്നു.

പെട്ടെന്നാണ് അബൂബക്കർ(റ)വും ഉമർ(റ)വും എഴുന്നേറ്റ് ഉക്കാശ(റ) വിന്റെ മുമ്പിലേക്ക് വന്നത്. അവർ പറഞ്ഞു:

"ഉക്കാശാ, ഞങ്ങളിതാ നിന്റെ മുന്നിൽ. പ്രവാചകർക്ക് പകരം ഞങ്ങളെ പ്രതികാര നടപടിക്ക് വിധേയരാക്കൂ..."

പ്രവാചകർ(സ്വ) പറഞ്ഞു; "നിങ്ങളവിടെയിരിക്കൂ... നിങ്ങളുടെ സ്ഥാനം അല്ലാഹുവിന് നല്ലത്പോലെ അറിയാം."

ഇത് കണ്ട അലി(റ)വിന് അടങ്ങി നിൽക്കാനായില്ല. അദ്ദേഹം ഉക്കാശ(റ) വിന്റെ മുന്നിൽ വന്ന് നിന്ന് പറഞ്ഞു:

"ഓ ഉക്കാശാ.... ഞാൻ ജീവനോടെ നിന്റെ മുന്നിലുണ്ടായിരിക്കേ നീ പ്രവാചകരിൽ നിന്ന് പ്രതികാരമെടുക്കുന്നത് എന്റെ മനസ്സിന് ഒരിക്കലും സമാധാനം നൽകില്ല. ഇതാ എന്റെ പുറവും ഉദരവും. നീ അടിക്കുകയോ പ്രതികാരമെടുക്കുകയോ ഏത് വേണമെങ്കിലും ചെയ്തുകൊള്ളുക."

ഉക്കാശ(റ)വിൽ നിന്ന് യാതൊരു പ്രതികരണമുണ്ടായില്ല. ദു:ഖം കടിച്ചമർത്തി നിൽക്കുന്ന അലി(റ)വിനോട് പ്രവാചകൻ(സ്വ) പറഞ്ഞു. "ഓ അലീ... അല്ലാഹുവിന് താങ്കളുടെ സ്ഥാനവും ഉദ്ദേശ്യവും നല്ലപോലെ അറിയാം. അതിനാൽ നിങ്ങളവിടെയിരിക്കുക."

അപ്പോഴാണ് പ്രവാചകർ(സ)യുടെ കണ്ണിലെ കൃഷ്ണ മണികളായിരുന്ന ഹസൻ(റ)വും ഹുസൈൻ(റ)വും എഴുന്നേറ്റ് നിന്ന് ഉക്കാശ(റ)യോട് ദയനീയമായി യാചിച്ചത്. പക്ഷെ, അതൊന്നും ഉക്കാശ(റ)വിൽ സ്വാധീനിച്ചില്ല. എന്തോ ഒന്ന് മനസ്സിൽ ഉറപ്പിച്ച മട്ടിൽ അദ്ദേഹം നിൽക്കുകയാണ്. പ്രവാചകർ ഉക്കാശ(റ)വിനോട് നേരെ തിരിഞ്ഞിട്ട് പറഞ്ഞു: "ഉക്കാശാ.. നീ ഉദ്ദേശിക്കുന്നുവെങ്കിൽ അടിക്കുക."

യാതൊരു മടിയുമില്ലാതെ ഉക്കാശ(റ) പറഞ്ഞു."അല്ലാഹുവിന്റെ പ്രവാചകരേ, അങ്ങെന്നെ അടിക്കുന്ന സമയത്ത് ഞാൻ കുപ്പായം ധരിച്ചിരുന്നില്ല."

അത് കേട്ട് സ്വഹാബികളന്നൊടങ്കം തരിച്ച് നിന്നുപോയി. എന്താണ് ഉക്കാശ(റ) പറയുന്നത്.....! എന്നാൽ പ്രവാചകർ(സ) ഒരു ചെറു പുഞ്ചിരിയോടെ അവിടുത്തെ കുപ്പായം ശരീരത്തിൽ നിന്നും അഴിച്ചുമാറ്റി. ചുവപ്പ് കലർന്ന ആ വെളുത്ത ശരീരം കണ്ട സ്വഹാബികൾ പരിസരം മറന്ന് ഉച്ചത്തിൽ കരയാൻ തുടങ്ങി. പലരും ഉക്കാശ(റ) വിനെതിരെ ശാപവർഷം നടത്തി.

പ്രവാചകരുടെ ശരീരത്തിൽ പതിയാൻ പോവുന്ന ചാട്ട വാർ പ്രഹരങ്ങൾ കണ്ടു നിൽക്കാനുള്ള കരുത്തില്ലാതെ പലരും കണ്ണുകൾ പൊത്തി.

പവിത്രമായ പ്രവാചകരുടെ വെളുത്ത മേനി തന്റെ മുന്നിൽ തുറന്ന് കിടക്കുന്നത് കണ്ട ഉക്കാശ(റ)വിന് ആഹ്ലാദം അടക്കി നിർത്താനായില്ല. കണ്ണുകളിൽ ആനന്ദാശ്രുക്കൾ നിറ ഞ്ഞു. അദ്ദേഹം മറ്റൊന്നും ആലോചിക്കാതെ പ്രവാചകരുടെ നഗ്നമേനിയിൽ കെട്ടിപ്പിടിച്ച് തുടരെ തുടരെ ചുംബിക്കാൻ തുട ങ്ങി. കാത്തിരുന്ന അവസരം ആവോളം ആസ്വദിക്കുകയായി രിന്നു അദ്ദേഹം.

കരഞ്ഞ് കലങ്ങിയ സ്വഹാബികളുടെ കണ്ണുകളിൽ സന്തോഷത്തിന്റെ പ്രകാശം തെളിഞ്ഞു. കറുത്തിരുണ്ട മുഖ ങ്ങൾ തെളിയാൻ തുടങ്ങി. ഒന്നും വിശ്വസിക്കാനാവാതെ അവർ പരസ്പരം നോക്കി. പ്രവാചക വദനത്തിലും പുഞ്ചിരി വിടർന്നു.

ഉക്കാശ(റ) പറഞ്ഞു. "അല്ലാഹുവിന്റെ പ്രവാചകരേ... എന്റെ ജീവൻ സമർപ്പിതമാണ്. അങ്ങിൽ നിന്ന് പ്രതികാരമെ ടുത്ത് മനസ്സിന് കുളിർമ നൽകാൻ ആർക്കാണ് കഴിയുക? പരി ശുദ്ധമായ അവിടുത്തെ മേനിയുമായി എന്റെ ശരീരം സ്പർശി ക്കാനുള്ള അതിയായ ആഗ്രഹം കൊണ്ട് മാത്രമാണ് ഞാനി തെല്ലാം ചെയ്തത്. അങ്ങയുടെ ശരീരത്തിന്റെ പവിത്രത കാരണം റബ്ബ് എന്നെയും നരകത്തിൽ നിന്ന് മോചിപ്പിക്കു മെന്ന പ്രതീക്ഷയുമായിരുന്നു."

സംതൃപ്തി നിറഞ്ഞ മനസ്സോടെ പ്രവാചകർ(സ്വ) തങ്ങൾ ഉക്കാശ(റ)വിനെ കാണിച്ചുകൊണ്ട് അവിടെ കൂടിയിരുന്നവരോട് പറഞ്ഞു.

"ആരെങ്കിലും സ്വർഗവാസിയെ കാണാൻ ഇഷ്ടപ്പെടുന്നുവെങ്കിൽ അവർ ഉക്കാശ(റ)വിനെ നോക്കട്ടെ"

സ്വഹാബാക്കൾ അത്ഭുതപരതന്ത്രരായി. ഉക്കാശ(റ) വിന് പ്രവാചക ദൂതൻ പരലോകത്ത് സ്വർഗീയ ജീവിതം പ്രഖ്യാപിച്ചിരിക്കുന്നു. അവർ ഉക്കാശ(റ)വിനെ ആവേശത്തോടെ ആലിംഗനം ചെയ്യാൻ തുടങ്ങി. "ഉക്കാശാ..... നിനക്ക് മംഗളം... ഉന്നതമായ വിതാനങ്ങൾ നീ നേടിയിരിക്കുന്നു. സ്വർഗത്തിൽ പ്രവാചക സാമീപ്യവും കരസ്ഥമാക്കിയിരിക്കുന്നു." അവരോരോരുത്തരും പറഞ്ഞു കൊണ്ടിരുന്നു.

ഉക്കാശ(റ)വിനും സന്തോഷം അടക്കാനായില്ല. നിറഞ്ഞ കണ്ണുകളോടെ, വിറക്കുന്ന ചുണ്ടുകളോടെ അദ്ദേഹം മൊഴിഞ്ഞു. "അല്ലാഹുവേ... നിനക്കാണ് സർവ്വ സ്തുതിയും."

2

# അതിരുകളില്ലാത്ത ഔദാര്യം

നിരന്തരം പാപകൃത്യങ്ങൾ വ്യാപൃതനായിരുന്നു ഒരു യുവാവ് ഹസൻ(റ)വിന്റെ കാലത്ത് ജീവിച്ചിരുന്നു. പാപങ്ങൾ ചെയ്യുകയും പശ്ചാതപിക്കുകയും ചെയ്യുന്നത് അദ്ദേഹത്തിന്റെ പതിവായിരുന്നു.

ആരാധനാ കർമങ്ങളിൽ വീഴ്ച വരുത്തുകയും അനുവദികപ്പെടാത്ത കാര്യങ്ങളിൽ മുഴുകുകയും ചെയ്തപ്പോൾ അതികഠിനമായ രോഗം കൊടുത്ത് അല്ലാഹു അദ്ദേഹത്തെ പരീക്ഷിച്ചു. രോഗം കാരണമായി വേദന കഠിനമായപ്പോൾ അദ്ദേഹം പ്രാർത്ഥിച്ചു....

“എന്റെ തമ്പുരാനെ, പാപങ്ങളെകൊണ്ട് ജീവിതം നയിച്ച ഈ മഹാപാപിയുടെ തെറ്റുകൾക്ക് നീ മാപ്പ് നൽകണേ... തമ്പുരാനോ... ഇനി ഞാൻ പാപങ്ങൾ ചെയ്യില്ല; ദുർപ്രവൃത്തികളിൽ ഏർപ്പെടില്ല..

എന്റെ രോഗത്തിന് നീ ശിഫ നൽകണേ... നാഥാ പൂർണ്ണാരോഗ്യവും സൗഖ്യവും സുഖവും നൽകി എന്നെ നീ അനുഗ്രഹിക്കേണമേ....

ഹൃദയത്തിന്റെ അടിത്തടിൽ നിന്ന് ഉയർന്നു വന്ന ആ പ്രാർത്ഥന അല്ലാഹുസ്വീകരിച്ചു. താമസിയാതെ അദ്ദേഹം സുഖം പ്രാപിച്ചു.

ആരോഗ്യം വീണ്ടും കിട്ടയപ്പോൾ വീണ്ടും പൂർവോപരി തെറ്റുകൾ ചെയ്യാൻ തുടങ്ങി. അല്ലാഹു നൽകിയ അപാരമായ ഔദാര്യത്തിൽ നന്ദി ചെയ്യാൻ അദ്ദേഹം മുതിർന്നില്ല. ഐഹിക ആഢംബരങ്ങളിൽ നിന്ന് മതിമറന്ന് ആനന്ദ പൂർണ്ണമായ ജീവിതം നയിച്ചു. ഈ നില തുടർന്നപ്പോൾ വീണ്ടും അല്ലാഹു അദ്ദേഹത്തെ രോഗിയാക്കി...

അപ്പോൾ വീണ്ടും അദ്ദേഹം പ്രാർത്ഥിച്ചു.

“യജമാനനായ നാഥാ.... ! ഞാൻ തെറ്റു ചെയ്തു. എന്റെ പശ്ചാത്താപം സ്വീകരിച്ച് നീ എന്റെ രോഗത്തിന് സുഖം തന്നു ഇത് രണ്ടാം പ്രാവശ്യമാണ്. .. ഇപ്പോൾ ഞാൻ അസുഖ ബാധിതയാണ്...

നിന്നോട് ധിക്കാരം പ്രവർത്തിച്ചവനാണ് ഞാൻ...

പാപങ്ങളിൽ മുഴുകിയവനാണ് എന്റെ നാഥ.. ഒരു പ്രാവശ്യം കൂടി ഞാൻ ചോദിക്കുന്നു....

എന്റെ അസുഖം ഭേദപ്പെടുത്തി എന്നെ ആരോഗ്യവാനാകുകയാണെങ്കിൽ ഒരിക്കൽ പോലും നിന്നോട് ഞാൻ തെറ്റ് ചെയില്ല... എന്റെ രോഗത്തിനും ശമനം നൽകണേ എന്റെ നാഥാ...

അസുഖം ഭേദമായി പൂർണ്ണ ആരോഗ്യവാനായി ... രോഗത്തെ കുറിച്ചുള്ള ഒരു ചിന്തയും അദ്ദേഹത്തിന്റെ മനസ്സിലേക്ക് വന്നില്ല. പഴയപടി കുറ്റ കൃത്യങ്ങളിൽ ഏർപ്പെട്ടു. വീണ്ടും രോഗിയായി. രോഗം മൂർഛിച്ചപ്പോൾ തളർന്ന സ്വരത്തിൽ കണ്ണുനീർ പൊഴിച്ച് കൊണ്ട് അല്ലാഹുവിന്റെ കരുണാകടിക്ഷത്തിനു വേണ്ടി അദ്ദേഹം കേണപേക്ഷിച്ചു. അസുഖം ഭേദമായപ്പോൾ തിന്മകളെ തന്നെയാണ് അദ്ദേഹം വാരിപ്പുണർന്നത്...

ഹസൻ (റ) അയ്യൂബു സുഖ്തിയാനി (റ) , മാലിക ബ്നു ദീനാർ (റ)സ്വാലിഹുൽ മുർറി (റ) തുടങ്ങിയവർ യാദൃശചികമായി ഈ യുവാവിനേ കണ്ടപ്പോൾ ഹസൻ (റ) പറഞ്ഞു:

“ഓ.. യുവാവേ , നീ അല്ലാഹുവിനെ കാണുന്നത്പ്പോലെ അവനെ പേടിക്കണം. നീ അവനെ കുണുന്നില്ലെ

ങ്കിലും അവൻ നിന്നെ കാണുന്നുണ്ടല്ലോ.... ഇത് കേട്ടപ്പോൾ യുവാവ് പറഞ്ഞു:

"അബൂ സഈദ്! താങ്കൾ എന്നെ ഉപദേശിക്കണ മെന്നില്ല. ഇവിടെ നിന്നും മാറിപ്പോകലാണ് താങ്ങൾക്ക് നല്ല ത്. ഞാ ൻ യുവാവാണ് ഈ യുവത്വം പൊടി പൊടിക്കാനുള്ള താണ്... എനിക്കിത് ആസ്വദിക്കണം...."

ഹസൻ (റ) അദ്ദേഹത്തെ കുടുതലൊന്നും ഉപദേശി ക്കാൻ നിന്നില്ല. ലക്ഷ്യസ്ഥാനത്തേക്ക് യാത്രയായി.

പിന്നീട് ഹസൻ (റ) തന്റെ മജ്‌ലിസിൽ വെച്ച് സഹചാ രികൾക്ക് ആത്മീയ ഉപദേശങ്ങൾ നൽകുകയായിരുന്നു. അപ്പോൾ, ആ യുവാവ് മരണാസന്നനായി കിടക്കുകയാണെന്ന് അദ്ദേഹത്തിന്റെ സഹോദരൻ വന്നു കൊണ്ട് അറിയിച്ചു. യു വാവിന്റെ അവസ്ഥ അറിയാനുള്ള താൽപര്യത്തോടെ ഹസൻ (റ) വും സഹചാരികളും യുവാവിന്റെ വീട്ടിലേക്ക് പുറപ്പെട്ടു.

'ഹസൻ (റ) വീടിന്റെ വാതിൽ മുട്ടി.

"ആരാണത്?" വീട്ടിന്റെ ഉൾഭാഗത്തു നിന്നു ഒരു സ്ത്രീ വിളിച്ചു ചോദിച്ചു.

ഹസൻ: "ഇത് അബൂസഈദാണ്"

“അബൂ സഊദോ! താങ്കളെപ്പോലോത്തവർ എന്തിനാണ് എന്റെ മകന്റെ വീട്ടുപടിക്കൽ നിൽകുന്നത്: തെമ്മാടിയായി ജീവികുന്ന എന്റെ മോനെ സന്ദർശിക്കാൻ മാത്രം വല്ലതും എന്റെ മോൻ ചെയ്യാത്ത പാപങ്ങളില്ല. ഒരു ഹറാമും അവൻ ഒഴിവാക്കിയിട്ടില്ല. എന്നിട്ടും അബൂസഊദ്! താങ്കൾ ഇവിടെ വന്നത്” മാതാവ് ആശ്ചര്യത്തോടെ ചോദിച്ചു.

“നിങ്ങളുടെ മകനെയൊന്ന് കാണുവാനും ഉപദേശിക്കുവാനും വേണ്ടിയാണ് ഞങ്ങളിവിടെ വന്നത്, അല്ലാഹുവും എല്ലാ കാണുന്നവും പൊറുകുന്നവനുമാണല്ലോ അദ്ദേഹത്തെ ഞാനൊന്ന് ഉപദേശികട്ടെയോ? ഹസൻ (റ)

സ്ത്രീ യുവാവിന്റെ നേരെ തിരിഞ്ഞ് കൊണ്ട് ചോദിച്ചു. “മോനെ....! അബൂസഊദ് വീട്ടുപടിക്കൽ നിൽക്കുന്നുണ്ട്. വാതിൽ തുറന്ന് കൊടുക്കു ഉമ്മാ...” യുവാവ് പറഞ്ഞു. ഉമ്മ വാതിൽ തുറന്നു കൊടുത്തു. അബൂസഊദ് അത്തു കടന്നു.

“അസ്സലാമു അലൈകും വറഹ്മത്തുല്ലാഹി... ഹസൻ (റ) സലാം പറഞ്ഞു: ആയുവാവ് സലാം മടക്കി, വ അലൈക്കുമസ്സാലാം വറഹ്മത്തുല്ലാഹി’

അസുഖം എങ്ങനെയുണ്ട്?”

“അതി കഠിനമാണ്” യുവാവ് പറഞ്ഞു: “താങ്കൾ അല്ലാഹുവിനോട് പശ്ചാതപിച്ചു മടങ്ങാമായിരുന്നില്ലേ? എങ്കിൽ അല്ലാഹു ഈ രോഗം സുഖപ്പെടുത്തിത്തരുമായിരുന്നലോ?

അവനോട് പ്രാത്ഥിച്ചാൽ അവൻ പൊറുത്തു തരുമല്ലോ?

“ഇല്ല, യുവാവ് പറഞ്ഞു

താങ്കൾ എന്താണ് പറയുന്നത്...അല്ലാഹു കരുണ കാണിക്കാത്തവനാണെന്നോ?

‘അബൂസഈദ്! നിങ്ങൾ എന്റെ കഥകേൾക്കണം ... ഞാൻ പാപിയാണ് രോഗിയാണ് ശരിതന്നെ ഞാൻ ഒരു തവണ പശ്ചാത്തപിച്ചു. അല്ലാഹു എന്റെ അസുകം ഭേദപ്പെടുത്തി. രണ്ടാം പ്രാവശ്യവും തെറ്റുകളിൽ ഏർപ്പെട്ടു. വീണ്ടും രോഗബാധിതനായി. വീണ്ടിം ഞാൻ പശ്ചാത്തപിച്ചു. രോഗം മാറി വിണ്ടും തെറ്റുചെയ്തു ഇങ്ങനെ അഞ്ചാം പ്രാവശ്യമാണ് പിന്നെയും അല്ലാഹുവിനോട് മാപ്പ് ചോദിച്ചപ്പോൾ വീട്ടിന്റെ മുലയിൽ നിന്നും ഒരശരീരി കേട്ടു “യുവാവേ.... നിന്നെ പല പ്രാവശ്യം നാം രോഗിയാക്കി, അപ്പോഴൊക്കെ നീ എന്നോട് കള്ളം പറഞ്ഞു. ഇനി താങ്കളുടെ വിളിക്ക് ഉത്തരമില്ല”

യുവാവ് ഇത് പറഞ്ഞ് നിർത്തിയപ്പോൾ ഹസൻ (റ) യാത്ര ചോദിച്ചു മടങ്ങി. ഇത് കണ്ടപ്പോൾ യുവാവ് മാതാവിനോട് പറഞ്ഞു

“ഉമ്മാ അബൂസഈദ് നമ്മുടെ യജമാനനായ അല്ലാഹു വിനെ തെട്ട് നിശാരനായിരുക്കുന്നു. അല്ലാഹു തൗബ സ്വീകരി ക്കന്നവുന്ന പൊറുത്ത് തരുന്നവനുമാണല്ലോ... മരണാസന്ന നായി കിടക്കുന്ന യുവാവ് തന്റെ പൂർവ്വകാല ദുഷ്പ്രവർത്തന ങ്ങൾ ഓർത്ത് ഒരുപാട് കരഞ്ഞു... പല പ്രാവശ്യം അല്ലാഹു വിന്റെ താക്കീത് ലഭിച്ചു.. എന്നിട്ടും തെറ്റിൽ വ്യാപൃതാനായി ... ഇപ്പോൾ പരിതപിക്കുകയാണ്.. രോഗത്തിന്റെ വേദന കൊണ്ട് പുളയുന്നു. നീറുന്ന മനസ്സ് ചുട്ടുനിറുന്നു ചിന്തകൾ... നരക ത്തിന്റെ അഗ്നിജ്വാലകൾ തന്റെ ശരീരം വിഴുങ്ങാൻ കൊതികു ന്നത് പോലെ ഹൃദയം വീങ്ങിപ്പെട്ടുന്നു... സ്രഷ്ടാവായ അല്ലാ ഹുവിനോട് ധിക്കാരം കാണിചതിലുള്ള അപരാധബോധം.. പൊറുപ്പിക്കാനാവാത്ത വേദന.... ഐഹിക ജീവിതം തന്നെ അവസനിക്കാൻ പോവുകയാണ്.

ആത്മവും ശരീരവും വിടപറയുന്ന സമയം, കൂട്ടുകാരും ബന്ധുകളും സ്നേഹിചവരും ആദരവോടെ പങ്കെടുത്ത് കൊണ്ട് പോകുന്നത് ആറടി മണ്ണിലേക്ക്...

അദ്ദേഹം പറഞ്ഞു: “ഉമ്മാ.... എന്റെ ശരീരത്തിൽ മരണ ലക്ഷണങ്ങൾ പ്രകടമാകാൻ തുടങ്ങിയാൽ... എന്റെ ശരീരം വിയർകുകയും കണ്ണുകളിൽ അസ്വാഭാവികത ദർശിക്കുകയും ചെയ്താൽ.. എന്റെ വസ്ത്രങ്ങൾ ശരീരത്തിൽ നിന്നും ഊരി യെടുത്ത എന്റെ കവിളുകൾ മണ്ണോട് ചേർത്തുവെച്ച് എനിക്കു വേണ്ടി പ്രാർത്ഥിക്കണം ഉമ്മ...... എന്റെ യജമാനൻ തൗബ സ്വീകരികുന്നവനും മാപ്പ് ചെയ്യുന്നവനുമാണ്.

അദ്ദേഹം മരണ ലക്ഷണങ്ങൾ പ്രകടമാക്കുവാൻ തുടങ്ങിയപ്പോൾ മാതാവ് യുവാവ് പറഞ്ഞ പ്രകാരം കവിളുകൾ മണ്ണോട് ചേർത്തു വെച്ച് കൊണ്ട് പ്രാർത്ഥിച്ചു.

“നാഥാ യഅ്ഖൂബ് നബി(സ) നേയും പുത്രൻ യുസുഫ് നബി(അ) നെയും ദീർഘകാലത്തെ വിരഹത്തിന് ശേഷം നീ ഒന്നിപ്പിച്ചു രോഗശയ്യയിൽ കിടന്ന് യാതനങ്ങൾ അനുഭവിച്ച അയൂബ് നബി (അ)മിന് നീ രോഗം ശമനം നൽകി. അല്ലാഹുവേ.... ആ മഹാത്മാക്കൾക്ക് നൽകിയ അനുഗ്ര വർഷം കൊണ്ട് ഞാൻ ചോദിക്കുന്നു: പാപിയായ എന്റെ മകനോട് മാത്രം നീ കരുണ കാണിക്കാതിരിക്കുകയാണോ? അവനെ പാപിയാക്കി പരാജയപ്പെടുത്തുകയാണോ തമ്പുരാനേ?

നിന്റെ അതിരുകളില്ലാത്ത ഔദാര്യം ആഗ്രഹിച്ച് ഞാൻ ചോദിക്കുന്നു. എന്റെ പ്രാർത്ഥന സ്വീകരിക്കണമേ.... എന്റെ പൊന്നുമോൻ നീ പൊറുത്ത് മാപ്പ് കൊടുക്കണമേ നാഥാ....!

അതിനിടയിൽ യുവാവ് മരിച്ചപ്പോൾ മാതാവ് ഒരശരീരി കേട്ടു, പാപങ്ങൾ പെരുക്കപ്പെട്ടിരിക്കുന്നു”.

3

# ഹസ്രത്ത് കലന്തർ (റ)

ഹസ്രത്ത് കലന്തർ (റ) ഉന്നത പണ്ഡിതരിൽ പെട്ടവരായിരുന്നു. അതോടൊപ്പം ഡൽഹിയിൽ ദർസും മറ്റും നടത്തുകയും ചെയ്തിരുന്നു. ഈ കാലയളവിൽ അവിടത്തെ രാജാവ് ഒരു സുന്ദരിയായ യുവതിയുമായി വിവാഹത്തിലേർപ്പെട്ടു.

പക്ഷെ, അവളെ സമീപികുമ്പോഴൊക്കെ അവൾ അശുദ്ധിയായിട്ടാണ് രാജാവിന് കാണാൻ കഴിഞ്ഞത്. എന്നാൽ മറ്റു ഭാര്യമാരിൽ യാതെരു അശുദ്ധിയുടെ പ്രശ്നവുമില്ല. രാജാവ് അസ്വസ്ഥനായി വളരെ പ്രയാസ്സപ്പെട്ടു. രാജാവ് ചിന്താകുലനായി ഇതിന്റെ കാരണമെന്തെന്ന് അന്വേഷിച്ചു. തന്റെ ആഗ്രഹപൂർത്തികരണത്തിന് വിനയായി നിൽകുന്ന ഈ പ്രശ്നത്തിന് കാരണമെന്ത്ന്ന് അറിയാൻ മുഴുവൻ ഉലമാക്കളെയും രാജസദ

സ്സിൽ വിളിച്ചുവരുത്തി. സംഗതിയുടെ ചുരുളഴിക്കാൻ രാജാവ് താൽപര്യപ്പെട്ടു.

ഇതൊരു കിതാബിലെ മസ്അല അല്ലാത്തതിനാൽ പണ്ഡിതര അൽഭുതപ്പെട്ടു. അവർക്ക് രാജാവിനെ തൃപ്തിപ്പെടുത്താൻ ഒരു മറുപടിയും നൽകാൻ കഴിഞ്ഞില്ല. രാജവി ദേഷ്യപ്പെട്ടു വിധി പ്രഖ്യാപിച്ചു. 'രണ്ടു ദിവസത്തിനകം മറുപടി നൽകിയലെങ്കിൽ എല്ലാ പണ്ഡിതന്മാരെയും ഉലമാക്കളെയും കഴുമരത്തിലേറ്റും'' പണ്ഡിതർ പേടിച്ച് വിറച്ചു. അല്ലാഹുവിനു മുമ്പിൽ പ്രാർത്ഥനയിൽ മുഴുകി.

ഇതേ ദിവസം മജ്ദുബാണെന്ന് തോന്നികുന്ന ഒരാൾ കലന്തർ(റ) വിന്റെ മദ്രസ്സിയിൽ എത്തി വ്യദ്യാർത്ഥികളോട് ചോദിച്ചു: നിങ്ങളുടെ ഉസ്താദ്  എവിടെയാണ്''? കുട്ടികൾ പറഞ്ഞു'' രാജാവ് ഏതോ ആവശ്യകാരത്തിന് വേണ്ടി രാജസ്സി വിളിചിരിക്കുകയാണ്''.

ശരി, ഉസ്താദിന്റെ ഒരു നോട്ട് ബുക്ക് കൊണ്ടുവരൂ, മജ്ദൂബ്  പറഞ്ഞു: കുട്ടികൾ ഉസ്താദിന്റെ പുസ്തകം മജ്ദൂബിന് നൽകി. ആ മജ്ദൂബ്  രാജാവിന്റെ  പ്രശ്നത്തിന്റെ കാരണം വൃത്തിയിലും വിശദമായും അതിൽ എഴുതി വെച്ചു. ശേഷം പുസ്തകം തിരികെ നൽകി കൊണ്ട് പറഞ്ഞു: നിങ്ങളുടെ ഉസ്താദ് വന്നാൽ ഇത് അവർക്ക് നൽകുകയും ഞാൻ വന്ന കാര്യം അവരോട്പറയുകയും വേണം.

കലന്തർ(റ) രാജസദസ്സിൽ നിന്ന് തിരിച്ച് വന്നപ്പോൾ ഈ കാര്യ മറിഞ്ഞ് ഉടനെ ആ എഴുത്ത് വായിച്ചു നോക്കി. അതിൽ ഇപ്രകാരം എഴുതിയിരുന്നു.

“രാജാവ് വിവാഹം ചെയ്ത സുന്ദരി ആയാളുടെ തന്നെ മകളാണ്. രാജാവ് ദേഷ്യപ്പെട്ട് തന്റെ ഒരു ഭാര്യയെ കാട്ടിലേക്ക് പറഞ്ഞയച്ചിരുന്നു. ആ പാവം സ്ത്രീ ഒരു അലകു കാരിയുടെ വീട്ടിൽ അഭയം തേടി. അവിടെ വെച്ച് അവൾ രാജാവിന്റെ ഈ പുത്രിക്ക് ജന്മം നൽകി. ഏഴു വർഷത്തിലും ശേഷം അവളുടെ മാതാവ് മരണപ്പെട്ടു. മക്കളില്ലാത്ത അലക്കു കാരി രാജാവിന്റെ മകളെ സ്വന്തം കുട്ടിയെപ്പോലെ വളർത്തി.

അവൾ വലുതായപ്പോൾ അവളുടെ സൗന്ദര്യം നാട്ടിലു മറുനാട്ടിലും ചർച്ചയായി. അങ്ങനെ രാജ സദസ്സിലും വിവരം എത്തി. അങ്ങനെയാണ് രാജാവ് അവളെ വിവാഹം കഴിക്കുന്ന ത്. രാജാവ് മുസ്‌ലിം ഭരണാധികാരിയും തിരുനബി (സ) യുടെ അനന്തരവകാശിയുമാണെന്നതിനാൽ അല്ലാഹു അദ്ദേ ഹത്തെ വൻ പാപത്തിൽ നിന്നും രക്ഷിച്ചതാണ്. ഇക്കാര്യ ത്തിൽ രാജാവിന് വല്ല സംശയമുണ്ടെങ്കിൽ അദ്ദേഹം അലക്കു കാരിയെ വിളിച്ച് കാര്യം അന്വേഷികട്ടെ. കാരണം മരണ സമ യത്ത് ഈ കഥകളെല്ലാം ആ സ്ത്രീ അലക്കുകാരിക്ക് പറഞ്ഞു കൊടുത്തിട്ടുണ്ട്.

ഖലന്തർ(റ) എഴുത്ത് വായിച്ച് അത്യധികം സന്തുഷ്ട നായി. അടുത്ത ദിവസം രാജ സദസിൽ കാര്യങ്ങൾ പൂർണ്ണ

മായി വിശദീകരിച്ചു. രാജാവ് അലക്കുകാരിയെ വിളിച്ചു വരുത്തി കാര്യങ്ങൾ അന്വോഷിച്ചു. അവൾ എല്ലാം ശരിവെച്ചു. എല്ലാ പണ്ഡിതർക്കും ആശ്വാസമായി അവർക്ക് പുതിയ ജീവൻ കിട്ടി. അവരെ വെറുതെ വിട്ടു. ഖലന്തർ സാഹിബ് (റ) തന്റെ വീട്ടിൽ തിരിച്ചു വന്നു. ഉടനെത്തന്നെ തന്റെ ഗ്രന്ഥ ങ്ങൾ നദിയിൽ ഒഴുക്കിക്കളഞ്ഞു. പിന്നെ ആ മജ്ദൂബിനെ അന്വേഷിച്ച് യാത്രയായി. മൂന്നാം ദിവസം അവരുമായി കണ്ടു മുട്ടി. ഖലന്തർ ബൈഅത്ത് ആവശ്യപ്പെട്ടു. അവർ വിസമ്മതി ച്ചു. എന്നിട്ട് പറഞ്ഞു: എനിക്ക് താങ്കളെ തഅ്ലിം ചെയ്യുനുള്ള ശക്തിയില്ല. ഞാൻ അങ്ങയെ എന്റെ ഗുരുവര്യരുടെ അടുക്ക ലേക്ക് എത്തിച്ചു തരാം. ഇതും പറഞ്ഞ് ഖലന്തർ സാഹി ബിന്റെ കൈ ഹസ്രത്ത് അലി (റ) വിന്റെ കരങ്ങളിൽ എത്തിച്ചു കൊടുത്തു. അലി (റ) വിന്റെ ആത്മീയ ശക്തി കാരണം അദ്ദേ ഹം അപ്പോൾ തന്നെ മജ്ദൂബായിത്തീർന്നു. മാത്രമല്ല ബൂ അലി കലന്തർ എന്ന് ആത്മയീമായി നാമകരണം ചെയ്യപ്പെട്ടു.

മഹാനവർകളെ സംബന്ധിച്ച് ഒരു സംഭവം ആളു കൾക്കിടയിൽ വളരെ പ്രസിദ്ധമാണ്. അവിടുന്ന് ചില സമയ ങ്ങളിൽ പൂർണ്ണമായി അല്ലാഹുവിൽ ലയിച്ചു ചേരും ആ സമയ ങ്ങളിൽ ആരും അദ്ദേഹത്തെ സമീപിക്കുമായിരുന്നില്ല. അവി ടുത്ത പ്രധാന ഖാദിം മാത്രം അടുക്കൽ ചെല്ലും ഈ അവസര ത്തിൽ അന്ന പാനീയങ്ങളുടെ മഹാനവർകൾ ഉപേക്ഷിക്കുമാ യിരുന്നു. ഭക്ഷണത്തിന്റെ സമയമായാൽ ഖാദിം വളരെ ദൂരെ നിന്ന് ഭക്ഷണം കൊണ്ടുവരട്ടെ എന്നു ചോദിക്കും. ഭക്ഷണ

ത്തിന് താൽപര്യം വരുമ്പോൾ അവിടുന്ന് പറയും "കൊണ്ടുവരൂ... അടിമ ഭക്ഷണം കഴിക്കട്ടെ" ഭക്ഷണത്തിന് താൽപര്യമില്ലാത്തപ്പോൾ അദ്ദേഹം പറയും "സർവ്വ ശക്തമായി അല്ലാഹു ഭക്ഷണമോ മറ്റോ കഴിക്കാറില്ല.

അവിചാരിതമായി ഖാദിമിന് ചില ആവശ്യങ്ങൾക്കു വേണ്ടി പുറത്ത് പോകേണ്ടി വന്നു. ഖാദിമിനു പകരം തന്റെ മകൻ മഹാനവർകളോട് ഭക്ഷണത്തെക്കുറിച്ച് ചോദിക്കുകയും മഹാൻ കൊണ്ടു വരാൻ ആവശ്യപ്പെടുകയും ചെയ്തു. ഭക്ഷണം കൊണ്ടുവന്ന് അവരുടെ മുമ്പിൽ വെച്ചു. കുറച്ച് ഭക്ഷണം കഴിച്ചിട്ട് പറഞ്ഞു: ബാക്കിയുള്ളത് കിണറ്റിൽ കൊണ്ടു പോയി ഇടുക. കുട്ടി ചിന്തിച്ചു ബാക്കി കിണറ്റിലിട്ട് എന്തിന് നശിപ്പിച്ചു കളയണം? അവൻ ആ ഭക്ഷണം കഴിച്ചു. വീട്ടിൽ എത്തിയപ്പോഴേക്കും അവന്റെ അവസ്ഥ മാറാൻ തുടങ്ങി. അസുഖം ബാധിച്ചു. ഖാദിം വീട്ടിൽ തിരിച്ചെത്തി. നോക്കുമ്പോൾ മകൻ രോഗ ബാധിതനാണ്. കാര്യങ്ങൾ ആരാഞ്ഞു.കുട്ടി പറഞ്ഞു: ഹസ്രത്തിന്റെ ബാക്കി ഭക്ഷണം കഴിച്ചതു മുതൽ എനിക്ക് അസ്വസ്ഥത തടങ്ങിയിട്ടുണ്ട്. അസുഖം ശക്തി കൂടി കുട്ടി മരണപ്പെട്ടു.

ഖാദിം തന്റെ മകന്റെ മൃതദേഹം വളരെ ശ്രദ്ധയോടെ സൂക്ഷിച്ചു വെച്ചു. പിറ്റേന്ന് മഹാനവർക്കൾക്ക് ഭക്ഷണം നൽകാൻ പോയ സമയത്ത് തന്റെ മകന്റെ മൃതദേഹം സ്വശരീരത്തിൽ ഭദ്രമായി കെട്ടിവെച്ചു. മരിച്ച് കുട്ടിയുടെ കയ്യിൽ

ഭക്ഷണം വെച്ചു അവന്റെ കൈ ശക്തമായി പിടിച്ചിട്ട് വിളിച്ചു പറഞ്ഞു;

ഹസ്രത്ത് ഭക്ഷണം എത്തിയിരിക്കുന്നു. അവിടുന്ന് പറഞ്ഞു കൊണ്ടു വരൂ, ഭക്ഷണം കഴിക്കാം.

ഈ വചനങ്ങൾ അവിടുത്തെ അധരങ്ങളിൽ നിന്നും പുറപ്പെട്ടപ്പോഴേക്ക് കുട്ടിക്ക് ജീവൻ തിരിച്ചു കിട്ടി. ഭക്ഷണ പാത്രവുമായി മഹാന്റെ സന്നിധിയിൽ ഓടിച്ചെന്നു.

മഹാനവർകൾ പാനിപ്പത്തിൽ നിന്നും കുറച്ച് അകലെ ബുഢാഖേടാ കാട്ടിൽ ഇബാദത്തിൽ മുഴുകിക്കഴിയുകയായിരുന്നു. അതിനിടെ അതിലൂടെ വന്ന ഒരു വിവാഹ സംഘത്തിന്റെ കൊട്ടും കുരവയും അവർക്ക് അസഹനീയമായി. ജലാലിയ്യത്തിന്റെ അവസ്ഥ വന്നു. തന്റെ അടുത്തുണ്ടായിരുന്ന കപ്പ് കമിഴ്ത്തി വെച്ചു. അത്ഭുതം കപ്പ് കമിഴ്ത്തിയതോടെ വിവാഹ സംഘം അപ്രത്യക്ഷമായി. വധൂവരൻമാരുടെ വീടുകളിൽ അസ്വസ്ഥത പടർന്നു. വലിയ ഒച്ചപ്പാടിനും ബഹളത്തിനും ഇത് കാരണമായി. മൂന്ന് ദിവസം തുടരെ വിവാഹ സംഘത്തെ കണ്ടു പിടിക്കാനുള്ള ശ്രമങ്ങൾ തകൃതിയായി നടന്നു. പക്ഷെ യാതൊരു ഫലവും കണ്ടില്ല. അവസാനം സഹികെട്ട് ഇരുവിഭാഗത്തിന്റെയും കുടുംബക്കാർ ഒരു ദർവേശിനെ സമീപിച്ചു. തങ്ങളുടെ വിവാഹ സംഘം അപ്രത്യക്ഷമായ വേവലാതി അറിയിച്ചു.

ദർവേശ് പറഞ്ഞു: ഇവിടെ നിന്ന് കുറച്ച് അകലെ ഹസ്രത്ത് ഖലന്തർ (റ) ഇബാദത്തിലായി കഴിഞ്ഞു കൂടുന്നുണ്ട്. അവർ ഇബാദത്തിൽ നിന്നും വിരമിക്കുമ്പോൾ നിങ്ങൾ പ്രശ്നം ഉന്നയിക്കുക. അല്ലാഹുവിന്റെ കാരുണ്യം കൊണ്ട് നിങ്ങളുടെ വധുവരൻമാരുടെ സംഘത്തെപ്പറ്റിയുള്ള നിഗൂഢത നീങ്ങിക്കിട്ടും.

ആളുകൾ മഹാനവർകളുടെ സന്നിധിയിൽ എത്തി. തങ്ങളുടെ പ്രശ്നം ഉന്നയിച്ചു. പ്രയാസങ്ങൾ ബോധിപ്പിച്ചു.

അവിടുന്ന് പറഞ്ഞു; മൂന്ന് മന്ന് അല്ലാഹുവിന്ന് വേണ്ടി നേർച്ചയാക്കാൻ സന്നദ്ധരാണെങ്കിൽ നിങ്ങളുടെ മുഴുവൻ പ്രശ്നങ്ങളും ദൂരീകരിക്കപ്പെടും. അവർ പറഞ്ഞ കാര്യം സന്തോഷം ഏറ്റെടുത്തു. അപ്പോൾ കലന്തർ സാഹബ് പറഞ്ഞു: കണ്ണടക്കുക. അല്ലെങ്കിൽ കുദ്റത്ത് കൺകുളിർക്കെ കാണുക. അവർ അത്ഭുതപ്പെട്ടു. തങ്ങളുടെ അപ്രത്യക്ഷമായ വിവാഹ സംഘം അതാ നടന്നു വരുന്നു. പിന്നെ വിവാഹ ചടങ്ങുകൾ അവസാനിപ്പിച്ച് അവർ മഹാനവർകളുടെ അടുത്തെത്തി. അവരുടെ നിർദേശമനുസരിച്ചുള്ള ഒരു മന്ന് ഇറച്ചി ഒരു മന്ന് ആട്ടയുടെ ചപ്പാത്തി, ഒരു മന്ന് നെയ്യ് എന്നീ നോർച്ചകൾ സമർപ്പിച്ചു.

അവർ പ്രതിവചിച്ചു: നിങ്ങൾക്ക് വല്ല പ്രശ്നവും വന്നു ചേരുമ്പോൾ ഈ ഫഖീർ ഖലന്തറിന്റെ നേർച്ച ഹലാലായ സമ്പാദ്യത്തിൽ നിന്നും നടത്തി സാധുക്കൾ , ഖാദിമീങ്ങൾ,

യതീമുകൾ, പണ്ഡിതൻമാർ, തുടങ്ങിയവരെ ഭക്ഷിപ്പിക്കുക. ഇൻശാ അല്ലാഹ് തമ്പുരാൻ നിങ്ങളുടെ മുഴുവൻ പ്രയാസങ്ങളും നീക്കും.

ഇതു പ്രകാരം ഇന്ത്യയുടെ വിവധദിക്കുകളിൽ മഹാനവർക്കളുടെ (സഹ് മന്നീനിയാസ് ) മൂന്ന് മന്നിന്റെ നേർച്ച നടക്കുന്നുണ്ട്. നേർച്ചക്കാരുടെ ആവശ്യവും അതോടെ പൂർത്തീകരിക്കപ്പെടുന്നു.

വെണ്ണ വിൽപന നടത്തുന്ന സുന്ദരിയായ ഗോജ്രി സ്ത്രീ വെണ്ണയുടെ കലം തോളിലേറ്റി മഹാനവർകളുടെ സമീപത്തുകൂടെ കടന്നു പോയി. അവിടുന്ന് ചോദിച്ചു. “ഓ ഗോജ്രി നീ വെണ്ണ വിൽക്കുകയാണോ ?

അവൾ പറഞ്ഞു: “ഞാൻ വെണ്ണ വിൽക്കുകയാണ്”.

“പക്ഷെ, താങ്കൾക്ക് എന്റെ വെണ്ണ വാങ്ങാൻ കഴിയുമോ? ഇത് വളരെ വില പിടിപിടിപ്പുള്ളതാണ്.”

അവിടുന്ന് ചോദിച്ചു: “എത്രയാണു വില?” ഗോജ്രി പറഞ്ഞു: സ്വർണ്ണത്തിന്റെ ഒരു കട്ടി”. കലന്തർ സാഹബ് സ്വർണ്ണത്തിന്റെ ഒരു നാണയം എടുത്തു കൊടുത്തു. എന്നിട്ട് പറഞ്ഞു: വെണ്ണ കൊണ്ടു പോവുക”.

ഇതിനു ശേഷം ഗോജ്രി പലപ്പോഴും കലന്തർ സാഹ ബിന്റെ അടുത്ത് വരാറുണ്ടായിരന്നു. മഹാനവർകൾ അവർക്ക് ഒരു സ്വർണ്ണ നാണയം എടുത്തു കൊടുക്കുകയും ചെയ്യും.

ഇവൾ വീട്ടിൽ ചെന്ന് കലന്തർ സാഹിബിനെ നന്നായി പ്രശംസിച്ച് സംസരിക്കും. ഒരു ദിവസം അവളുടെ ഭർത്താവ് പറഞ്ഞു: ആ മഹൽ വ്യക്തിയുടെ തിരുനോട്ടം കൊണ്ട് എനിക്ക് ഒരുപാട് സമ്പത്ത് ഉണ്ടായിത്തീർന്നിരിക്കുന്നു. ഇനി അവരോട് നമുക്ക് മക്കളുണ്ടാവാൻ ദുആ ചെയ്യാൻ പറയണം.

ഗോജ്രി സാധാരണ പോലെ വെണ്ണക്കുടം തലയിലേറ്റി ഖലന്തർ സാഹിബിന്റെ വസതിയിലെത്തി. താഴ്മയോടെ സലാം പറഞ്ഞു. ഇതു കേട്ട് കലന്തർ സാഹബ് ഒരു റുബാഇ പാടിക്കേൾപ്പിച്ചു.

“ഓ ഗോജ്രി , ഭംഗിയിലും നൈർമല്യതയിലും നീ ചന്ദ്രനാണ്.

നിൻ ശിരസിൽ ഈ വെണ്ണക്കുടം രാജാവിന്റെ കിരീടം സമാനം.

നിൻ പവിഴമാം ചുണ്ടിൽ നിന്നും മധുരം വർഷിക്കുന്നു.

ഏ വെണ്ണ...വെണ്ണ .. എന്നു നീ പറഞ്ഞിടുമ്പോൾ ...”

കലന്തർ സാഹബ് സന്തുഷ്ടനാണെന്ന് മനസിലാക്കിയ അവർ തന്റെ അവസരം പാഴാക്കിയില്ല. തന്റെ മനസി

ലുള്ള ആഗ്രഹം അവരെ പറഞ്ഞു കേൾപ്പിച്ചു. ഞാൻ കാല ങ്ങളായി മക്കളുണ്ടാവാൻ കൊതിക്കുന്നവളാണ്. അവിടുന്ന് പ്രാർത്ഥിച്ചാലും. പരിശുദ്ധനായ അല്ലാഹു എനിക്ക് ആൺകു ഞ്ഞിനെ പ്രധാനം ചെയ്യട്ടെ.

അവിടുന്ന് പറഞ്ഞു: നീ നിന്റെ പ്രദേശത്ത് പോയി വിളംബരം ചെയ്യുക. ആർക്കാണോ മക്കളെ ആവശ്യമുള്ളത് അവർ എന്റെ കൂടെ വരട്ടെ. അവൾ തന്റെ നാട്ടിൽ ചെന്ന് അപ്രകാരം ചെയ്തു.

പിറ്റേന്ന് സ്ത്രീകളുടെ ഒരു വൻ ജനാവലിയുമായി അവൾ ഖലന്തർ സാഹബിന്റെ അരികിലെത്തി.

അന്നേരം മഹാനവർവകൾ വെറ്റില മുറുക്കിക്കൊണ്ടിരി ക്കുകയായിരുന്നു. വായയിൽ നിന്നും വെറ്റിലയുടെ ചണ്ടിയെ ടുത്ത് അൽപ്പാൽപമായി സ്ത്രീകൾക്ക് നൽകി. ഒരു സ്ത്രീ ഒഴികെ മറ്റെല്ലാവരും അതു വാങ്ങിക്കഴിച്ചു. അവൾ വെറുപ്പു കാരണം ചണ്ടി ഒരു കല്ലിനു ചുവട്ടിൽ വെച്ചു.

അല്ലാഹുവിന്റെ അപാരമായ അനുഗ്രഹമുണ്ടായി. എല്ലാ സ്ത്രീകൾക്കും ആൺകുഞ്ഞ് ജനിച്ചു. സന്തോഷ ത്തോടെ ഓരോരുത്തരും തങ്ങളുടെ കുഞ്ഞുമായി നേർച്ചകളും ഹദ്യകളുമായി മഹാനവർകളുടെ സന്നിധിയിൽ ഹാജരായി. മഹാനവർകളുടെ സന്നിധിയിൽ ഹാജരായി. വെറ്റി ലച്ചണ്ടി കല്ലിനടിയിൽ വെച്ച് ആസ്ത്രീക്ക് ഇതു കണ്ട് അത്ഭു തവും ദുഃഖവും താങ്ങാൻ കഴിഞ്ഞില്‍ . ദുഃഖ പരവശയായി

അവളും മഹാനവർകളുടെ സന്നിധിയിലെത്തി. അവളുടെ പ്രയാസങ്ങൾ മനസിലാക്കിയ മഹാൻ അവളോട് പറഞ്ഞു: ‘‘നിന്റെ കുഞ്ഞ് നീ വെറ്റിലച്ചണ്ടി ഒളിപ്പിച്ചു വെച്ച അതേ കല്ലി നടിയിലുണ്ട്’’.

കേൾക്കേണ്ട താമസം അവൾ ആകല്ലി നടുത്തേക്ക് ഓടിച്ചെന്നു. അപ്പോൾ കുഞ്ഞ് അവിടെ കളിച്ച് കൊണ്ടിരി ക്കുകയാണ്. അവൾ സന്തോഷത്തോടെ കുഞ്ഞിനെ എടുത്ത് മഹാനവർകൾ അവളുടെ അടുത്തേക്ക് വന്നു. മഹാനവർകൾ അവളുടെ കുഞ്ഞിന് മംഗളങ്ങൾ നേർന്നു.

‘‘ലഡ്കാ തുംകൊ മുബാറക് ഹാ’’

മുബാറക് രാജ കുമാരൻ. സുൽത്താൻ ശീയമുദ്ധീൻ എന്നവരുടെ മകൻ മുബാറക് ഖാൻ രാജകുമാരൻ മഹനവർക ളുടെ മുരീദുമാരിൽ അംഗമായിച്ചേർന്നു. അവർ തമ്മിലുള്ള ആത്മ ബന്ധം വലിയതായിരുന്നു. ഒരു നിമിഷവും തന്റെ അരുമ ശിഷ്യൻ തന്നിൽ നിന്നും വേർപ്പെട്ട് പോവാൻ അവർ ആഗ്രഹിച്ചിരുന്നില്ല. എപ്പോഴും തന്നോടോപ്പം തന്നെ മുബാറ ക്ഖാനെ കൊണ്ടു നടന്നു. മുബാറക്ഖാന് ചെറുപ്പത്തിലേ അല്ലാഹുവിനെ അന്വേഷിക്കുവാനുള്ള ത്വര കൈ വന്നു. അങ്ങനെ കലന്തർ സാഹിബിന്റെ തിരു സാന്നിധ്യത്തിൽ നിന്ന് ഫൈള് കരസ്ഥമാക്കിത്തുടങ്ങി. മുബാറക്ഖാന്റെ നല്ല സ്വഭാവ ങ്ങളും കഴിവുകളും കാലന്തർ അവർകളുടെ പരിശുദ്ധമായ സ്നേഹവായ്പയും പരിഗണനയും പിടിച്ചു. പറ്റി.

അവിചാരിതമായാണ് ആ സംഭവം നടക്കുന്നത്. സുൽത്താൻ അലാവുദ്ധീൻ വേട്ടയാടി ക്കൊണ്ട് പാനിപ്പത്തിൽ എത്തിച്ചേർന്നു. സുൽത്താൻ മഹാനവർകളുടെ സന്നിധിയിൽ ഹാജരായി. ഖലന്തർ അവരെ കണ്ട് സന്തുഷ്ടരായി. എന്നിട്ട് പറഞ്ഞു: നിങ്ങൾ നല്ല സമയത്തു തന്നെയാണ് എത്തിയിരിക്കു ന്നത്. നമുക്കു വേണ്ടി ഒരു (കുടയും ഗോപുരവും) ഖുബ്ബ നിർമ്മിക്കുക. മഖ്ബറ സ്ഥാപിക്കുക പണിയെടുക്കാനായി ഖുർആൻ മനഃപ്പാഠമുള്ള ഒരു ജോലിക്കാരനെ ഏൽപ്പിക്കൂ.

സുൽത്താൻ അലാവുദ്ധീൻ ഇത്തരം ഒരു ആജ്ഞ ശിര സാവഹിക്കാൻ കഴിഞ്ഞതിൽ അത്യന്തം അഭിമാനം പ്രകിപ്പി ച്ചു. ആജ്ഞനിറവേറ്റുമെന്ന് വാക്ക് നൽകി. ഈ ദൗത്യം ഏൽപ്പിച്ചതിൽ സന്തുഷ്ടനായി. നല്ല ഒന്നാന്തര ഭക്ഷണം തയ്യാറാക്കി കലന്തർ അവർകൾക്ക് സമർപ്പിച്ചു. മഹാനവർകൾ അതിൽ നിന്ന് അൽപ്പം ഭക്ഷിച്ച് ഒരു ഇറച്ചിക്കഷ്ണം ഊമ്പി ബാക്കി കിണറ്റിൽ നിക്ഷേപിക്കാനായി മുബാറകിന് നൽകി. മുബാറക് ആകഷ്ണം ബർക്കത്തിനു വേണ്ടി കഴിച്ചു. കല ന്തർ സാഹിബിന്റെ ബാക്കി കഴിക്കൽ അപകടകരമാണെന്ന് അദ്ദഹത്തിന് അറിയില്ലായിരുന്നു.

ഇറച്ചിക്കഷണം കഴിച്ചതും വയറ്റിൽ അസ്വസ്ഥത തുട ങ്ങി. അങ്ങനെ മരണമടഞ്ഞു. മുബാറക് ഖാന്റെ മരണ വാർത്ത അറിഞ്ഞപ്പോൾ അറിയാതെ അദ്ദേഹത്തിന്റെ നാവിൽ നിന്നും പുറത്ത് വന്നു. ''ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ'' അമ്പ് ലക്ഷ്യത്തിൽ തന്നെ തറച്ചു. പിന്നീട് മയ്യി

ത്ത് കൊണ്ടു വരാൻ പറഞ്ഞു. കരഞ്ഞു കലങ്ങിയ കണ്ണുക ളോടെ വരവേറ്റു. ഗദ്ഗദത്തോടെ പറഞ്ഞു: "ഏ ദോസ്ത് ബസ്മെ യാറ്മെ തുംസംജാന മുബാറാക്ഹോ" പ്രിയ സുഹൃ ത്തെ, സുഹൃത്തുകളുടെ അടുക്കലേക്കുള്ള ഈ യാത്ര മംഗള മാവട്ടെ. അപ്രതീക്ഷിതമായിത്തന്നെ മുബാറക്ഖാന്റെ നിര്യാണം കലന്തർ അവർകളുടെ കാലത്ത് നടന്നു. അതു കൊണ്ട് തന്നെ മഹാനവർകളിൽ നിന്ന് ഫൈള് കരസ്ഥമാ ക്കാൻ ജനങ്ങൾക്ക് കഴിഞ്ഞില്ല. തനിക്കുവേണ്ടി നിർമ്മിക്കാൻ കൽപ്പിച്ച ഖുബ്ബയിൽ മുബാറക്ഖാനെ കലന്തർ അവർകൾ മറ മാടി.

കലന്തർ അവർകളുടെ മുജാവർമാർക്കിടയിൽ പ്രസിദ്ധ മായ ഒരു വചനമുണ്ട്. അതായത് കലന്തർ സാഹബ് പറയു ന്നു. " എന്നെ സിയാറത്തു ചെയ്യാൻ വരുന്നവർ ആദ്യം മുബാ റക് ഖാനെസിയാറത്ത് ചെയ്യട്ടെ"

4

# മാതാവിനെ അനുസരിക്കുക.

ഒരു ദിവസം നബി (സ) യോട് കൂടെ സ്വഹാബാക്കൾ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരാൾ വന്നു പറഞ്ഞു: നബി യോ, അബ്ദുല്ലാഹിബ്നു സലാം (റ) മരണ ശയ്യയിലാണ്. അവർ അങ്ങയോട് യാത്ര ചോദികാൻ അവിടേക്ക് ക്ഷണികുന്നു. വൈകാതെ നബി (സ) തങ്ങളും സ്വഹാബക്കളും പുറപ്പെട്ടു. അവരുടെ വീട്ടിൽ എത്തിയപ്പോൾ തിരുനബി (സ) അവർക്ക് കലിമത്തുത്തൗഹീദ് ചെല്ലി കൊടുത്തു. മൂന്ന് പ്രാവശ്യം ചൊല്ലികൊടുത്തു പക്ഷെ, അബദുല്ലാഹിബ്നു സലാം (റ)ന് അത് ഏറ്റു ചൊല്ലാനാവുന്നില്ല.

അപ്പോൾ നബി (സ) ബിലാൽ (റ) വിനെ അവരുടെ ജീവിത രീതിയെ കുറിച്ചറിയാൻ അയച്ചു. ബിലാൽ(റ) അബ്ദു

ല്ലാഹിബ്നു സലാം (റ) ന്റെ ഭാര്യയുടെ അടുത്തേക്ക് പോയി . ഭാര്യ പറഞ്ഞു. എന്നെ വിവാഹം ചെയ്ത ശേഷം ഒരു വക്ത് നിസ്കാരവും നബി(സ)യുടെ ജമാഅത്തും ഇദ്ദേഹം നഷ്ടപ്പെ ടുത്തിയിട്ടില്ല. മറ്റു സൽകർമ്മങ്ങൾക്കും സദാ തൽപ്പരനായി രുന്നു എന്റെ ഭർത്താവ് പക്ഷെ അദ്ദേഹത്തിന്റെ ഉമ്മ അവരിൽ സംതൃപ്തി ഉണ്ടായിരുന്നില്ല''.

വിവരങ്ങറിഞ്ഞ നബി(സ) അവരുടെ ഉമ്മയെ വിളി ക്കാൻ ഉമർ(റ) നെ അയച്ചു. ഉമ്മ പറഞ്ഞു: ‘‘എന്റെ മകന്റെ ഒരു കാര്യത്തിലും എനിക്ക് യാതെരു ഉത്തരവാദിത്തവുമില്ല. അവനെണെ അടിക്കുകയും ചീത്തവിളിക്കുകയും ചെയ്തി ട്ടുണ്ട്. അതവന് ഞാൻ പെരുത്തപ്പെട്ട് കൊടുക്കകെയില്ല.

തിരുനബി(സ) അവരെ അബ്ദുല്ലാഹിബ്ദു സലാം(റ) കിടക്കുന്നിടത്തേക്ക് കൊണ്ടു വരാൻ കൽപ്പിച്ചു. ആ ദയനീയ രംഗം കാണിച്ച് കൊടുത്ത് കൊണ്ട് നബി(സ) പറഞ്ഞു: സഹോദരി... മകനോട് നിങ്ങൾ കരുണ കാണിക്കുക ഇല്ലെ ങ്കിൽ അതീഭീകരമായ അവസ്ഥയാണ് ഉണ്ടാവുക. ഈ മാനി ല്ലാതെയാണ് മരണപ്പെടുക ഉമ്മ പറഞ്ഞു: ഞാൻ പൊരുത്ത പെട്ട് കൊടുക്കുകയില്ല. അവൻ എന്നെ അടിച്ചിട്ടുണ്ട്. തിരു നബി (സ) പറഞ്ഞു: അതു ഞാൻ ഏറ്റെടുത്തിരിക്കുന്നു. നിങ്ങ ളവനു പൊറുത്ത് കൊടുക്കുക. വളരെ നിർബന്ധിച്ചപ്പോൾ ഉമ്മ മകന് പൊറുത്ത് കൊടുക്കാൻ തയ്യാറായി. അങ്ങനെ കമിമ ചൊല്ലി സലാം(റ) വഫാത്തായി.

5

# ക്ഷമ

നബി(സ്വ) പറഞ്ഞു: പണ്ടൊരു രാജാവുണ്ടായിരുന്നു. രാജാവിന് ഒരു മാന്ത്രികനും ഉണ്ടായിരുന്നു. പ്രായമായപ്പോൾ അയാൾ രാജസദസ്സിൽ വന്നു പറഞ്ഞു. ''എനിക്ക് പ്രായമായി, അതിനാൽ ഒരു കുട്ടിയെ അയച്ചു തന്നാൽ ഞാനവനെ മാന്ത്രി ക വിദ്യ പഠിപ്പിച്ചു കൊടുക്കാം''രാജാവ് മാന്ത്രിക വിദ്യ പഠിപ്പി ക്കാൻ ഒരു കുട്ടിയെ അയച്ചു കൊടുത്തു. കുട്ടി പോകു ന്ന വഴി യിൽ ഒരു പുരോഹിതനുണ്ടായിരുന്നു.ഒരു ദിവസം അവൻ അദ്ദേഹത്തിന്റെ സംസാരം കേട്ടിരുന്നു.പഠിക്കാൻ വൈ കിയെ ത്തിയതിനങ്ങന്റ ഒരു ദിവസം മാന്ത്രികൻ കുട്ടിയെ അടിച്ചു. കുട്ടി പരാതിയുമായി പുരോഹിതനെ സമീപിച്ചു. പറഞ്ഞ പ്പോൾ പുരോഹിതൻ പറഞ്ഞു: ''മാന്ത്രികനെ ഭയപ്പെടുമ്പോൾ

വീട്ടിലെ തടസ്സവും, വീട്ടുകാരെ ഭയപ്പെടുമ്പോൾ മാന്ത്രികൻ ഉണ്ടാക്കുന്ന തടസ്സവും പറയുക"

അതിനിടയിൽ കുട്ടി ഒരു വലിയ പാമ്പിന്റെ മുന്നിൽ അകപ്പെട്ടു. ജനങ്ങൾക്ക് ഭീഷണി സൃഷ്ടിച്ചിരുന്ന പാമ്പാണത്. കുട്ടി പറഞ്ഞു. "മാന്ത്രികനാണോ ഉത്തമൻ? അതോ പുരോഹിതനാണോ ഉത്തമൻ? എനിക്ക് ഇന്നറിയണം.

അവൻ കല്ലെടുത്ത് "അല്ലാഹുവേ, മാന്ത്രികനെക്കാൾ പുരോഹിതനോടാണ് നിനക്ക് ഇഷ്ടമെങ്കിൽ ആളുകൾക്ക് വഴി നടന്നു പോകാൻ ഈ പാമ്പിനെ കൊന്നു കളയുക." എന്ന് പറഞ്ഞു കൊണ്ട് എറിഞ്ഞു. ഉടനെ തന്നെ അതു ചത്തുപോവുകയും ആളുകൾ നടന്നു പോവുകയും ചെയ്തു.

കുട്ടി പുരോഹിതന്റെ അടുത്ത് ചെന്ന് വിവരം പറഞ്ഞു. പുരോഹിതൻ പറഞ്ഞു. "കുഞ്ഞി മകനേ, ഇന്ന് നീ എന്നെക്കാൾ ശ്രേഷ്ഠനാണ്. നിന്റെ ആജ്ഞയാൽ ഈ കാണുന്നതെല്ലാം സാധിച്ചിരിക്കുന്നു. നീ പരീക്ഷണങ്ങൾക്ക് വിധേയനായേക്കാം. അങ്ങനെ പരീക്ഷണങ്ങൾക്ക് വിധേയനായാൽ എന്നെക്കുറിച്ച് പറയരുത്.

കുട്ടി, ജന്മനായുള്ള അന്ധതയും വെള്ളപാണ്ടും മാറ്റുകയും ജനങ്ങളുടെ മറ്റു രോഗങ്ങൾ ചികിത്സിച്ച് സുഖപ്പെടുത്തുകയും ചെയ്തിരുന്നു.

അന്ധത ബാധിച്ചു കഴിഞ്ഞിരുന്ന ഒരു മന്ത്രി വിവരം അറിഞ്ഞപ്പോൾ നിരവധി സമ്മാനങ്ങളുമായി അവനെ സമീപിച്ചു. എന്നിട്ട് പറഞ്ഞു. "ഈ സമ്മാനങ്ങളെല്ലാം നിനക്കുള്ളതാ

ണ്. നീ എന്റെ അസുഖം സുഖപ്പെടുത്തിത്തരണം'' കുട്ടി പറഞ്ഞു. ''രോഗം ഭേദപ്പെടുത്തുന്നത് ഞാനല്ല. അല്ലാഹുവാണ്. താങ്കൾ അല്ലാഹുവിൽ വിശ്വസിച്ചാൽ ഞാൻ അവനോട് പ്രാർത്ഥിക്കാം. അപ്പോൾ അവൻ താങ്കളുടെ രോഗം ഭേദപ്പെടുത്തും.''

അങ്ങനെ അദ്ദേഹം അല്ലാഹുവിൽ വിശ്വസിക്കുകയും, അല്ലാഹു അവന്റെ രോഗം സുഖപ്പെടുത്തുകയും ചെയ്തു. എന്നിട്ട് പതിവ്പോലെ രാജ സദസ്സിൽ പോയിരുന്നു. രാജാവ് ചോദിച്ചു. ''നിനക്ക് ആരാണ് കാഴ്ചശക്തി മടക്കിത്തന്നത്? അദ്ദേഹം പറഞ്ഞു; ''എന്റെ രക്ഷിതാവ്'' രാജാവ് ചോദിച്ചു. ''നിനക്ക് ഞാനല്ലാതെ ഒരു രക്ഷിതാവുണ്ടോ? അദ്ദേഹം പറഞ്ഞു. എന്റെയും അങ്ങയുടെയും രക്ഷിതാവ് അല്ലാഹുവാണ്. ഇത് കേട്ടപ്പോഴേക്കും രാജാവ് മന്ത്രിയെ പിടിച്ചു ശിക്ഷിക്കാൻ തുടങ്ങി. ഒടുവിൽ കുട്ടിയെ കുറിച്ച് മന്ത്രി വിവരം നൽകി.

കുട്ടിയെ രാജസദസ്സിൽ കൊണ്ടുവന്നു. രാജാവ് ചോദിച്ചു.

"ജന്മനായുള്ള അന്ധതയും വെള്ളപാണ്ടും മറ്റു രോഗങ്ങളും സുഖപ്പെടുത്താൻ നിന്റെ മന്ത്ര വിദ്യകൾക്ക് കഴിയുന്നുണ്ടല്ലോ?" അപ്പോൾ കുട്ടി പറഞ്ഞു. "ഞാനല്ല രോഗം സുഖപ്പെടുത്തുന്നത്. അല്ലാഹുവാണ്."

രാജാവ് അവനെ പിടിച്ചു ശിക്ഷിച്ചു. ഒടുവിൽ അവൻ പുരോഹിതനെ കുറിച്ച് വിവരം കൊടുത്തു. അപ്പോൾ പുരോഹിതനെ കൊണ്ടു വന്നു.

അവനോട് പറയപ്പെട്ടു.

"നീ നിന്റെ മതത്തിൽ നിന്ന് പിന്മാറണം. പുരോഹിതൻ വിസമ്മതിച്ചപ്പോൾ വാൾ കൊണ്ട് അദ്ദേഹത്തെ മൂർദ്ധാവിൽ വെട്ടി രണ്ടായി പിളർത്തി.

പിന്നെ മന്ത്രിയെ കൊണ്ടു വന്നു. അദ്ദേഹത്തോട് പറയപ്പെട്ടു. 'നീ നിന്റെ മതത്തിൽ നിന്ന് പിന്മാറണം."

അദ്ദേഹം വിസമ്മതിച്ചു.

അപ്പോൾ അദ്ദേഹത്തെയും വാൾ കൊണ്ട് മൂർദ്ധാവിൽ വെട്ടി പിളർത്തി.

പിന്നെ കുട്ടിയെ കൊണ്ടു വന്നു അവനോട് പറയപ്പെട്ടു.

"നീ നിന്റെ മതത്തിൽ നിന്ന് പിന്മാറുക."

അവൻ അതിന് വിസമ്മതിച്ചപ്പോൾ രാജാവ് ഒരു സംഘം ഭടന്മാരെ ഏൽപ്പിച്ചു. എന്നിട്ട് പറഞ്ഞു.

"ഇവനെ പർവ്വതത്തിലേക്ക് കൊണ്ടു പോവുക. എന്നിട്ട് ഇവനെയും കൊണ്ട് പർവ്വതത്തിന്റെ കൊടുമുടിയിൽ കയറണം. എന്നിട്ട് ഇവൻ തന്റെ മതത്തിൽ നിന്ന് പിന്മാറിയാൽ ഒന്നും ചെയ്യണ്ട. പിന്മാറിയില്ലെങ്കിൽ തള്ളിയിടുക."

അവർ അവനെ കൊണ്ട് പോവുകയും, പർവ്വതശിഖരത്തിലേക്ക് കയറുകയും ചെയ്തു. കുട്ടി പ്രാർത്ഥിച്ചു.

"അല്ലാഹുവേ, നീ ഉദ്ദേശിച്ചത് ഇവർക്ക് നൽകണമേ"

പർവ്വതം അവരെ ഒന്ന് പിടിച്ച് കുലുക്കി. അവർ നിലം പതിച്ചു. ആ കുട്ടി രാജസദസ്സിലേക്ക് നടന്നു. രാജാവ് ചോദിച്ചു.

“നിന്റെ കൂട്ടുകാർ എന്ത് ചെയ്തു?” അവൻ പറഞ്ഞു:

“അല്ലാഹു അവർക്ക് വേണ്ടത് കൊടുത്തു”

രാജാവ് അവനെ മറ്റൊരു കിങ്കര സംഘത്തെ ഏൽപ്പിച്ചു. എന്നിട്ടു പറഞ്ഞു.

“നിങ്ങളവനെ ഒരു വഞ്ചിയിൽ കൊണ്ടു പോവുക. നടുക്കടലിലെത്തിയാൽ ഇവൻ സ്വന്തം മതത്തിൽ നിന്ന് പിന്തിരിഞ്ഞാൽ വെറുതെ വിടുക. ഇല്ലെങ്കിൽ ഇവനെ നടുക്കടലിൽ എറിഞ്ഞു കൊള്ളുക”

അവർ അവനെ കൊണ്ട് പോയി. അവൻ പ്രാർത്ഥിച്ചു: “അല്ലാഹുവേ നീ ഉദ്ദേശിച്ചതെന്തോ അത് അവർക്ക് കൊടുക്കണമേ”

പെട്ടെന്ന് വഞ്ചി മറിഞ്ഞു. അവർ മുങ്ങിപ്പോയി. കുട്ടി രാജാവിന്റെ അടുത്തേക്ക് നടന്നു. രാജാവ് ചോദിച്ചു.

“നിന്റെ കൂട്ടുകാർ എന്ത് ചെയ്തു?” കുട്ടി പറഞ്ഞു.

“അവർക്ക് അല്ലാഹു വേണ്ടതു കൊടുത്തു” പിന്നീടവൻ രാജാവിനോട് പറഞ്ഞു. “ഞാൻ പറയുന്നത് ചെയ്യാതെ നിനക്കെന്നെ വധിക്കാൻ കഴിയില്ല”

രാജാവ് ചോദിച്ചു.

“അതെന്താണ്”

കുട്ടി പറഞ്ഞു: "അങ്ങ് പ്രജകളെ ഒരു മൈതാനത്ത് സംഘടിപ്പിക്കണം. എന്നിട്ട് എന്നെ ഒരു കഴുമരത്തിൽ കയറ്റു ക. എന്റെ ആവനാഴിയിൽ നിന്ന് ഒരു അമ്പെടുത്ത് വില്ലിന്റെ മദ്ധ്യത്തിൽ വെക്കുക. എന്നിട്ട് "കുട്ടിയുടെ നാഥന്റെ നാമ ത്തിൽ" എന്ന് പറഞ്ഞ് അമ്പെയ്യുക. ഇങ്ങനെ ചെയ്താൽ എന്നെ വധിക്കാം.

അങ്ങനെ രാജാവ് "ജനങ്ങളെ ഒരു മൈതാനത്ത് സംഘടിപ്പിച്ചു. കുട്ടിയെ ഒരു കഴുമരത്തിൽ കയറ്റി നിർത്തി അവന്റെ ആവനാഴിയിൽ നിന്ന് ഒരു അമ്പെടുത്ത് വില്ലിന്റെ മധ്യത്തിൽ വെച്ചു. എന്നിട്ട് "കുട്ടിയുടെ നാഥന്റെ നാമത്തിൽ" എന്ന് പറഞ്ഞ് അമ്പ് തൊടുത്തു വിട്ടു. അമ്പ് ചെന്നിയിൽ ചെന്ന് കൊണ്ടു. കുട്ടി തന്റെ ചെന്നിയിൽ കൈവെയ്ക്കുകയും ഉടനെ മരണപ്പെടുകയും ചെയ്തു.

ജനങ്ങൾ വിളിച്ചു പറഞ്ഞു. "ഞങ്ങൾ ഈ കുട്ടിയുടെ നാഥനിൽ വിശ്വസിച്ചിരിക്കുന്നു"

ആരോ രാജാവിന്റെ അടുത്ത് ചെന്ന് പറഞ്ഞു. "അങ്ങ് ഭയപ്പെട്ടിരുന്ന കാര്യം സംഭവിച്ചിരിക്കുന്നു. ജനങ്ങൾ വിശ്വ സിച്ചു കഴിഞ്ഞു"

വഴികളിൽ കിടങ്ങുകളുണ്ടാക്കാൻ രാജാവ് നിർദ്ദേശി ച്ചു. അങ്ങനെ കിടങ്ങുകളുണ്ടാക്കുകയും അവയിൽ തീ ആളി കത്തിക്കുകയും ചെയ്തു.

രാജാവ് കൽപ്പിച്ചു. “മതത്തിൽ നിന്നും പിന്മാറാത്തവരാരോ അവരെ തീയിലേക്ക് വലിച്ചെറിയുക.” ആ കൽപ്പന അവർ നിറവേറ്റി.

ഒടുവിൽ ഒരു സ്ത്രീ വന്നു. അവളുടെ കുഞ്ഞ് കൂടെയുണ്ടായിരുന്നു. അവൾ അതിൽ ചാടാൻ മടി കാണിച്ചു.

അപ്പോൾ കുഞ്ഞ് പറഞ്ഞു. “നിങ്ങൾ സത്യത്തിൽ തന്നെയാകുന്നു. ഉടനെ ചാടുക. താമസിയാതെ സ്ത്രി കിടങ്ങിൽ ചാടി  മരിച്ചു.

6

# മാതാവിന്റെ വിളി കേൾക്കുക.

ഒരിക്കൽ നബി(സ) സ്വഹാബികളോട് പറഞ്ഞു: മൂന്ന് പേർ മാത്രമേ തൊട്ടിലിൽ കിടന്ന് സംസാരിച്ചിട്ടുള്ളൂ. ഒന്ന് മർയമം ബീവിയുടെ പുത്രൻ ഈസാ(അ) രണ്ട് ജുറൈജിന്റെ കൂട്ടുകാരൻ.

അപ്പോൾ സ്വഹാബുകൾ ചോദിച്ചു. ആരാണ് ജുറൈ ജിന്റെ കൂട്ടുകാരൻ?

നബി(സ) പറഞ്ഞു തുടങ്ങി:

ജുറൈജ് (റ) ഒരു സന്യാസിയായിരുന്നു. അദ്ദേഹം ഒരു ആശ്രമം പണിത് അതിൽ കഴിഞ്ഞുകൂടി. ഒരിക്കൽ മാതാവ് അദ്ദേഹത്തെ കാണാൻ വന്നു. അദ്ദേഹം നമസ്കരിക്കുകയായി രുന്നു.

മാതാവ് വിളിച്ചു. "ജുറൈജ്'

ജുറൈജ്(റ) വിളികേൾക്കാത്ത രീതിയിൽ പ്രാർത്ഥന യിൽ മുഴുകിയിരുന്നു. മാതാവ് പിരിഞ്ഞു പോയി.

അടുത്ത ദിവസവും മാതാവ് വന്നു വിളിച്ചു. "ജുറൈജ്" അദ്ദേഹം നമസ്കരിക്കുകയായിരുന്നു. "എന്റെ നാഥാ, എന്റെ മാതാവ് നമസ്കാര വേളയിലാണല്ലോ വന്നത് ഞാനെന്ത് ചെയ്യും?" എന്ന് കരുതികൊണ്ട് അദ്ദേഹം നമസ്കാരത്തിൽ വ്യാപൃതനായി. മാതാവ് തിരിച്ച് പോവുകയും ചെയ്തു.

അടുത്ത ദിവസവും മാതാവ് വന്നു വിളിച്ചു. "ജുറൈജ്". അപ്പോഴും ജുറൈജ്(റ)നമസ്കരിക്കുകയായിരു ന്നു. അവർ വിളിച്ചു. "എന്റെ നാഥാ എന്റെ പ്രാർത്ഥനാവേളയി ലാണല്ലോ എന്റെ മാതാവ് വിളിക്കുന്നത്" എന്ന് കരുതി അദ്ദേ ഹം ആരാധനയിൽ മുഴുകിയിരുന്നു.

അപ്പോൾ മാതാവ് പ്രാർത്ഥിച്ചു. "അല്ലാഹുവേ, വ്യഭിചാ രിണികളുടെ മുഖം ദർശിക്കാതെ അവനെ നീ മരണപ്പെടുത്ത രുതേ"

ഇസ്രാഈലർ മുറൈജിനെയും അവന്റെ ആരാധന യെയും കുറിച്ച് പ്രകീർത്തിച്ച് പറഞ്ഞു:

ആ നാട്ടിൽ അതി സുന്ദരിയായ ഒരു വേശ്യയുണ്ടായിരു ന്നു. പറഞ്ഞു: "നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ ഞാനയാളെ ടശണിയിൽ വീഴ്ത്തിത്തരാം" അങ്ങനെ അവൾ അദ്ദേഹ ത്തിന്റെ മുമ്പിൽ അണിഞ്ഞൊരുങ്ങി പ്രത്യക്ഷപ്പെട്ടു.

പക്ഷെ, ജുറൈജ് അവളെ തിരിഞ്ഞ് നോക്കിയില്ല.

അങ്ങനെ അവൾ ആശ്രമിത്തിനടുത്ത് താമസിക്കുന്ന ഒരു ആട്ടിടയനെ കണ്ട് ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടു. അവൾ ഗർഭിണിയായി. അവൾ പ്രസവിച്ചു.

എന്നിട്ടവൾ പറഞ്ഞു. "ഈ കുഞ്ഞ് ജുറൈജിന്റേതാണ്" ആളുകൾ ഇത് കേട്ട് വിശ്വസിക്കുകയും ഇളകി മറിയുകയും ചെയ്തു. അങ്ങനെ ആളുകൾ ജുറൈജിന്റെ ആശ്രമത്തിൽ ചെന്ന് ജുറൈജിനെ പിടിച്ചിറക്കുകയും ആശ്രമം തകർക്കുകയും ചെയ്തു. അദ്ദേഹത്തെ അടിക്കാൻ തുടങ്ങിയപ്പോൾ അദ്ദേഹം ചോദിച്ചു. "നിങ്ങൾക്കെന്തുപറ്റി"

അവർ പറഞ്ഞു: "ഈ വേശ്യയുമായി നീ വേഴ്ച നടത്തി. അവളെ ഗർഭിണിയാക്കി. അവൾ പ്രസവിച്ചു. ഈ കുഞ്ഞ് നിന്റേതാണ് എന്ന് പറഞ്ഞ് ജുറൈജിനെ വീണ്ടും അടിക്കാൻ തുടങ്ങി.

ജുറൈജ്(റ) ചോദിച്ചു. ‘‘കുട്ടി എവിടെ"

അവർ കുട്ടിയെ കൊണ്ടുവന്നു. അദ്ദേഹം പറഞ്ഞു: "ഞാനൊന്ന് നിസ്കരിക്കട്ടെ" നിസ്കരിച്ച് മടങ്ങി വന്ന അദ്ദേഹം കുട്ടിയെ സമീപിച്ചു.

ജുറൈജ്(റ) ആ കുട്ടിയുടെ വയറ്റത്ത് ഒന്ന് കുത്തിയിട്ട് ചോദിച്ചു. "ആരാണ് നിന്റെ പിതാവ്" കുട്ടി പറഞ്ഞു. "ആശ്രമത്തിനടുത്തുള്ള ആട്ടിടയനാണ് എന്റെ പിതാവ്". ആളുകൾ ജുറൈജിന്റെ അടുക്കൽ ചെന്നു. അദ്ദേഹത്തെ ചുംബിക്കു

കയും തൊട്ടു തടവുകയും ചെയ്തു. തെറ്റിന് മാപ്പ് ചോദിക്കുകയും ചെയ്തു.

അവർ പറഞ്ഞു "താങ്കൾക്ക് ഞങ്ങൾ സ്വർണ്ണം കൊണ്ട് ഒരു ആശ്രമം നിർമ്മിച്ചു തരാം" അദ്ദേഹം പറഞ്ഞു: "വേണ്ട" നേരത്തെയുണ്ടായിരുന്നത് പോലെ നിങ്ങളത് മണ്ണ് കൊണ്ട് നിർമ്മിച്ച് തന്നാൽ മതി. അങ്ങിനെയവർ നിർമ്മിച്ച് കൊടുത്തു.

തൊട്ടിലിൽ സംസാരിച്ച മൂന്നാമത്തെ കുട്ടി: ഒരു കുട്ടി തന്റെ മാതാവിന്റെ മുലപ്പാൽ കുടിക്കുകയായിരുന്നു. ഒരു മനുഷ്യൻ വില കൂടിയ മനോഹരമായ ഒരു വാഹനത്തിലേറി അതു വഴി കടന്നു പോയി. അപ്പോൾ ആ മാതാവ് പ്രാർത്ഥിച്ചു "അല്ലാഹുവേ, എന്റെ മകനെ നീ ഇവനെപ്പോലെ ആക്കിത്തീർക്കേണമേ" ഉടനെ കുട്ടി മുലകുടി നിർത്തി അയാളുടെ നേരെ നോക്കി എന്നിട്ട് പറഞ്ഞു:

"അല്ലാഹുവേ, നീ എന്നെ അവനെപ്പോലെയാക്കരുതേ" കുട്ടി വീണ്ടും മുലകുടിക്കാൻ തുടങ്ങി. അബൂഹുറയ്റ(റ) പറയുന്നു. "കുട്ടി മുല കുടിക്കുന്നത് വിവരിച്ചു കൊണ്ട് നബി(സ്വ) തന്റെ ചൂണ്ടുവിരൽ വായിലിട്ട് ഊമ്പുന്നത് ഞാൻ കണ്ടു.

പിന്നീട് ആളുകൾ ഒരു അടിമ സ്ത്രീയെയും കൊണ്ട് അവരുടെ അടുത്ത് കൂടി നടന്നു പോയി. നീ വ്യഭിചരിച്ചു. നീ മോഷ്ടിച്ചു എന്ന് പറഞ്ഞ് അവർ ആ സ്ത്രീയെ അടിക്കുന്നുണ്ടായിരുന്നു.

അവളാകട്ടെ “എനിക്കല്ലാഹു മതി. ബലമേൽപ്പിക്കപ്പെ ടുന്നവരിൽ ഏറ്റവും ഉത്തമനാണവൻ” എന്ന് പറഞ്ഞ്കൊണ്ടി രിക്കുകയാണ്.

കുട്ടിയുടെ മാതാവ് പ്രാർത്ഥിച്ചു. “അല്ലാഹുവേ, എന്റെ കുഞ്ഞിനെ അവളെപ്പോലെ ആക്കരുതേ” ഇത് കേട്ടപ്പോൾ കുട്ടി മുലകുടി ഉപേക്ഷിച്ച് അവളെ നോക്കി. എന്നിട്ട് പ്രങ്കക്ത ത്ഥിച്ചു “അല്ലാഹുവേ എന്നെ അവളെപ്പോലെ ആക്കണമേ” അ വിടെ വെച്ച് അവർ ആ സംഭാഷണത്തെ കുറിച്ച് ആലോചന ചെയ്തു.

അവൾ പറഞ്ഞു. സുന്ദരനായ ഒരാൾ ഇതുവഴി കടന്നു പോയി. അപ്പോൾ ഞാൻ പ്രാർത്ഥിച്ചു. “അല്ലാഹുവേ, എന്റെ മകനേയും ഇവനെപ്പോലെയാക്കണമേ” അപ്പോൾ നീ പ്രാർ ത്ഥിച്ചല്ലോ “അല്ലാഹുവേ, അവനെപ്പോലെ എന്നെ ആക്ക രുതേ” എന്ന് പിന്നീട് ഒരു അടിമ സ്ത്രീയെ കളവും വ്യഭിചാ രവും ആരോപിക്കുകയും അടിക്കുകയും ചെയ്തുകൊണ്ടാണ് കുറെയാളുകൾ ഇതിലെ കൊണ്ടുപോയത്. അപ്പോൾ ഞാൻ പ്രാർത്ഥിച്ചു. “അല്ലാഹുവേ, എന്റെ മകനെ ഇവളെപ്പോലെയാ ക്കരുതേ”എന്ന്. നീ പ്രാർത്ഥിച്ചത് ‘അല്ലാഹുവേ നീ എന്നെ അവളെപ്പോലെ ആക്കണമേ’ എന്നായിരുന്നു എന്താണിതിന് കാരണം?

കുട്ടി പറഞ്ഞു. “ആ മനുഷ്യൻ ഒരു സ്വേച്ഛാധിപനായിരുന്നു. അതുകൊണ്ടാണ് ഇങ്ങനെ പ്രാർത്ഥിച്ചത്. അവനെപ്പോലെ നീ എന്നെ ആക്കരുത്. വ്യഭിചരിച്ചു എന്നും മോഷ്ടിച്ചു എന്നും പറയുന്ന ആ സ്ത്രീ സത്യത്തിൽ മോഷ്ടിക്കുകയോ വ്യഭിചരിക്കുകയോ ചെയ്തിട്ടില്ല. അതുകൊണ്ടാണ് അല്ലാഹുവേ അവളെപ്പോലെ എന്നെയും ആക്കണമേ എന്ന് ഞാൻ പ്രാർത്ഥിച്ചത്.

7

# കുടുംബ ജീവിതം

ഒരു ദിവസം ഇസ്മാഈൽ (അ) വിന്റെ വിവാഹശേഷം ഇബ്റാഹിം നബി (അ) തന്റെ മകന്റെ സുഖ വിവരങ്ങൽ അന്വേഷിച്ചു വന്നു. പക്ഷെ ഇസ്മാഈൽ (അ) നെ കണ്ടില്ല. ഇബ്റാഹിം (അ) ഇസ്മാഈൽ (അ) ന്റെ ഭാര്യയോട് വിവരങ്ങൾ ചോദിച്ചു.

അവൾ പറഞ്ഞു. ‘‘അവർ ജീവിതാവശ്യത്തിനായി പുറത്ത് പോയിരിക്കുകയാണ്. ഇബ്റാഹിം നബി (അ) അവരുടെ ജീവിതത്തെ കുറിച്ചും സാഹചര്യത്തെക്കുറിച്ചും ചോദിച്ചറിഞ്ഞു.

കുടുംബ പ്രാരാബ്ധങ്ങളും ജീവിതത്തിലെ കഷ്ടനഷ്ടങ്ങളും അവൾ ഇബ്റാഹീം നബി(അ) ന്റെ മുമ്പിൽ പറഞ്ഞ് കൊടുത്തു. അപ്പോൾ ഇബ്റാഹിം നബി (അ) പറഞ്ഞു: ‘‘നിന്റെ ഭർത്താവ് വരുമ്പോൾ അവരോട് എന്റെ

സലാം പറയണം വാതിലിന്റെ ഉമ്മറപ്പടി മാറ്റിവെക്കാനും പറയണം. ഇബ്റാഹിം നബി (അ) പിരിഞ്ഞുപോയി.

അധികം താമസിയാതെ ഇസ്മാഈൽ(അ) വീട്ടിൽ തിരിച്ചെത്തി അദ്ദേഹം സഹധർമിന്നിയോട് ചോദിച്ചു വീട്ടിലാരെങ്കിലും വന്നിരുന്നോ? അവൾ പറഞ്ഞു വന്നിരുന്നു. വിശദമായി തന്നെ കാര്യങ്ങൾ പറഞ്ഞു കൊടുത്തു. നിങ്ങളോട് സലാം പറയാനും വാതിലിന്റെ ഉമ്മറപ്പടി മാറ്റിവെക്കാൻ താങ്കളോടുണർത്താനും അദ്ദേഹം ആവശ്യപ്പെട്ടു.

ഇസ്മാഈൽ നബി(അ)ന് കാര്യങ്ങൾ നന്നായി ബോധ്യപ്പെട്ടു. ആ വന്നത് സ്നേഹനിധിയായ പിതാവ് ഇബ്റാഹിം(അ) മാണ്. ഭാര്യക്ക് അദ്ദേഹത്തെ തിരിച്ചറിഞ്ഞില്ല. നല്ല നിലയിൽ അദ്ദേഹത്തെ സ്വീകരിക്കാൻ ശ്രമിക്കാതെ ജീവിത പ്രയാസങ്ങൾ ആവലാതിപ്പെടാനാണ് അവർ ശ്രമിച്ചത്. ഇസ്മാഈലിന്റെ മനസ്സിൽ പിതാവിനോടുള്ള സ്നേഹവും ഭാര്യയോടുള്ള സഹതാപവും വൈവിധ്യ വികാരങ്ങൽ ഉടലെടുത്തു.

ക്ഷണ നേരത്തെ നിശ്ശബ്ദതക്ക് ശേഷം ഇസ്മാഈൽ (അ) ഭാര്യയോട് പറഞ്ഞു: വന്നത് എന്റെ പിതാവാണ്. ഉമ്മറപ്പടി മാറ്റിവെക്കണമെന്നതിന്റെ അർഥം നാം തമ്മിലിനി ഒരുമിച്ച് ജീവിക്കേണ്ട എന്നാണ്. അതുകൊണ്ട് നീ നിന്റെ കുടുംബത്തിലേക്ക് മടങ്ങിപ്പോവുക.

ഇസ്മാഈൽ നബി (അ) മറ്റൊരു സ്ത്രീയെ വിവാഹം ചെയ്തു. ഇബ്റാഹിം (അ) ഒരിക്കൽ അവരുടെ വീട്ടിലെത്തി. പ്രതീക്ഷിച്ചത് പോലെ ഇസ്മാഈൽ (അ) നെ അവിടെ കണ്ടി

ല്ല. ഭാര്യയോട് അന്വേഷിച്ചു. വീട്ടാവശ്യങ്ങൾക്കായി പുറത്ത് പോയിരിക്കുന്നുവെന്ന് അവർ പറഞ്ഞു. ഇബ്റാഹിം നബി (അ) ജീവിതത്തെ കുറിച്ചും സാഹചര്യത്തെക്കുറിച്ചും അന്വേ ഷിച്ചു.

സംതൃപ്തമായി മറുപടി ലഭിച്ചു. 'ദൈവ കാരുണ്യ ത്താൽ ഐശ്വര്യമായ ജീവിതമാണ് ഞങ്ങൾ നയിക്കുന്നത്. അങ്ങ് ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണം. തുമന്ദഹാസ ത്തോടെ അവർ ശബ്ദം താഴ്ത്തി പറഞ്ഞു. എന്താണ് നിങ്ങ ളുടെ ഭക്ഷണം അവൾ പറഞ്ഞു. മാംസമാണ്. പാനീയമെ ന്താണ്? വെള്ളം, നിങ്ങളുടെ വെള്ളത്തിലും മാംസത്തിലും ബറകത്ത് നൽകട്ടെ എന്ന് പ്രാർത്ഥിച്ചു. നിന്റെ ഭർത്താവ് വന്നാൽ അവരോട് എന്റെ സലാം പറയണം.

ഇസ്മാഈൽ(അ) വീട്ടിൽ തിരിച്ചെത്തിയപ്പോൾ ചോദി ച്ചു. ആരെങ്കിലും ഇവിടെ വന്നിരുന്നോ? അവൾ പറഞ്ഞു. അതെ നല്ല വൃദ്ധൻ വന്നിരുന്നു. അവൾ ആ വൃദ്ധനെ പുക ഴ്ത്തി. നിങ്ങൾക്ക് സലാം പറഞ്ഞിട്ടുണ്ട്. പിന്നെ നിങ്ങളെ കുറിച്ചും ജീവിതത്തെ കുറിച്ചും ചോദിച്ചറിഞ്ഞു. ഞാനെല്ലാം നല്ല രൂപത്തിൽ പറഞ്ഞു കൊടുത്തു. ഇത് കേട്ട ഇസ്മാഈൽ (അ) ചോദിച്ചു. വല്ല ഉപദേശവും തന്നിരുന്നോ?

പറഞ്ഞു. ഉമ്മറപ്പടി സ്ഥിരപ്പെടുത്താൻ പറഞ്ഞു. ഇസ്മാഈൽ (അ) പറഞ്ഞ്. അതെന്റെ പിതാവാണ്. നീയാണ് ഉമ്മറപ്പടി. നിന്നെ നിലനിർത്തുവാനാണ് അദ്ദേഹം പറഞ്ഞത്.

8

# കസ്തൂരിമാൻ

ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധിയായി ആദം (അ) വന്നകാലം. മനുഷ്യ പിതാവാണ് ആദം(അ) അവരുടെ പിൻമുറക്കാരാണ് ഇവിടെ ജീവിച്ച് മരിച്ചു പോയവരും ഇനി വരാനിരിക്കുന്നവരും ആദി മാതാവ് ഹവ്വാ ബീവി(റ) യാണ്. ആദം നബി (അ) ന്റെ എല്ലിൽ നിന്നാണ് ഹവ്വയെ സൃഷ്ടിച്ചത്.

ആദം (അ) ഭൂമിയിൽ വന്നത് അറിഞ്ഞ ഉടനെ ഒരു കൂട്ടം മാനുകൾ മഹാനവർകളെ കാണാൻ പോയി. അവരുടെ ലക്ഷ്യമെന്തായിരുന്നു? അല്ലാഹുവിന്റെ പ്രതിനിധിയായ ആദം (അ) നെ കാണുക. മറ്റു ചിന്തകളൊന്നുമില്ലായിരുന്നു. മാൻപേടകൾ ആദം(അ) ന്റെ സമീപത്തെത്തി. ആദം (അ) നെ കണ്ടു. തന്നെ കാണാൻ വന്ന മാൻപേടകളെ ആദം(അ) തലോടി. ആദി പിതാവിന്റെ കരസ്പർശനമേറ്റതോടെ സുഗന്ധം പരന്നു. മോശമായ വാസനയുമായി വന്ന മാനുകൾക്ക് ഏവരെയും

ആകർഷിക്കുന്ന സുഗന്ധം. മറ്റു ജീവികൾക്കൊന്നുമില്ലാത്ത പ്രത്യേകത മാൻപേടകൾക്ക് ലഭിച്ചു. വന്നത് പോലെയല്ല തിരിച്ച് പോകുന്നത്. വരുമ്പോൾ ഞങ്ങളുടെ ദേഹമാകെ സുഗ ന്ധപൂരിതമായിരുന്നു. ആദം(അ) ന്റെ കൈ സ്പർശിച്ച തോടുകൂടി സുഗന്ധമുള്ളതായി മാറി അനുഗ്രഹം വാങ്ങി മാൻപേടകൾ തങ്ങളുടെ കൂട്ടുകാരുടെ അടുത്തേക്ക് തിരിച്ചു പോയി.

ആദം (അ) നെ കണ്ടുതിരിച്ചു വന്ന മാനുകളുടെ ശരീര ത്തിൽ നിന്നും സുഗന്ധം അലയടിക്കുന്നു. കൂട്ടുക്കാർ ചോദി ച്ചു.'' നിങ്ങളെവിടെയായിരുന്നു? നിങ്ങളുടെ ദേഹത്തിന് സുഗ ന്ധമുണ്ടല്ലോ? എവിടെ നിന്ന് കിട്ടി ഈ മണം? അവർ കാര്യ ങ്ങളൊക്കെ വിശദമായി പറഞ്ഞു. ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധി വന്നിരിക്കുന്നു. ഞങ്ങൾ സന്ദർശിച്ചു. അദ്ദേഹം ഞങ്ങളെ തലോടി. അതോടെ ഞങ്ങളുടെ ശരീരത്തിന് സുഗന്ധം പരന്നു. ഇത് കേട്ടമാനുകൾ സുഗന്ധം കിട്ടണമെന്ന് ആഗ്രഹിച്ചു. ആദം (അ) നെ കണ്ടാൽ ലക്ഷ്യം നേടാം എന്ന് കരുതി.

അങ്ങനെ അവർ ആദം (അ) നെ കണ്ടു. ആദം നബി (അ) അവരെയും ശരീരത്തിൽ തടവി. ആ മാൻകൂട്ടം തിരിച്ചു പോയി. പക്ഷെ, സുഗന്ധം ലഭിച്ചില്ല. തങ്ങളുടെ പഴയ ഗന്ധം തന്നെയാണ് ഇപ്പോഴും.

അങ്ങനെയാണ് മാനുകളിൽ കസ്തൂരി മാനുകളും അവയല്ലാത്തതും ഉടലെടുത്തത്. മനുഷ്യർക്ക് അതിമഹത്തായ പാഠമാണ് ഈ കഥ നൽകുന്നത്. അല്ലാഹുവിന്റെ പ്രതിനി

ധിയെ കാണെണമെന്ന ഒറ്റ ആഗ്രഹവുമായി നീങ്ങിയ മാനു കൾക്ക് ആദം (അ) ന്റെ കരസ്പർശം ലഭിച്ചപ്പോൾ സുഗന്ധം കിട്ടി.

സുഗന്ധം ലക്ഷ്യമാക്കി ആദം (അ) നെ സന്ദർശിച്ച മാനുകൾക്ക് തങ്ങളുടെ പഴയ ഗന്ധത്തിന് വ്യത്യാസം ഒന്നും ഉണ്ടായില്ല.

ഏതൊരു കാര്യം ചെയ്യുമ്പോഴും അല്ലാഹുവിന്റെ തൃപ് തി ലക്ഷ്യമാകുമ്പോൾ അനിർവചനീയമായ അനുഗ്രഹങ്ങൾ തങ്ങൾക്ക് ലഭിക്കും. മറിച്ച്, ഭൗതികമായ നേട്ടം ആഗ്രഹിച്ച് പ്രവർത്തിക്കുമ്പോൾ തങ്ങൾ ഉദ്ദേശിച്ചത് തന്നെ ലഭിച്ചുകൊ ള്ളണമെന്നില്ല.

9

# ആദരവ്

ഒരു ദിവസം നബി(സ്വ) തങ്ങൾക്ക് വഹ്യ് വന്നു. ആ വഹ്യ് ഇപ്രകാരമായിരുന്നു.

ഓ സത്യവിശ്വസികളെ, നബി(സ്വ)യുടെ ശബ്ദത്തേക്കാൾ നിങ്ങളുടെ ശബ്ദം നിങ്ങളുയർത്തരുത് നിങ്ങൾ പരസ്പരം സംസാരിക്കുന്നത് പോലെ നബി(സ്വ)യോട് ശബ്ദമുയർത്തി സംസാരികുയുമരുത് അങ്ങനെ ചെയ്താൽ നിങ്ങളറിയാതെ നിങ്ങളുടെ സൽകൽമങ്ങൾ പൊളിഞ്ഞ് പോകും.

ഈ ആയത്ത് അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട സയ്യിദുനാ സാബിത് (റ). കരഞ്ഞു കൊണ്ടിരിക്കുകയായിരുന്നു.

ഈ കാഴ്ചകണ്ട് ആസിമുബ്നു ആദിയ്യ് ആ വഴി കട ന്നുവന്നു അദ്ദേഹം ചോദിച്ചു സാബിത്!! എന്തിനാണ് കരയു ന്നത് ? സാബിത് (റ) പറഞ്ഞു.

നബി(സ്വ) തങ്ങളുടെ ശബ്ദത്തോക്കാൾ നിങ്ങളുടെ ശബ്ദം നിങ്ങളുയർത്തരുത് എന്ന ഖുർആനിക വചന മോർത്താണ് ഞാൻ കരയുന്നത് . ഞാൻ പലപ്പോഴും നബി( സ്വ) തങ്ങളുടെ സദസ്സിൽ ശബ്ദമുയർത്തിയിരുന്ന മനുഷ്യനാ ണ്. എന്റെ സൽക്കർമ്മങ്ങളെക്കെ അതിനാൽ പൊളിഞ്ഞിരി ക്കും. ഈ ആയത്ത് എനിക്കെതിരെ ഇറങ്ങിയതാണ് എന്ന് ഞാൻ പേടിക്കുന്നു. ഇത് കേട്ടതോടെ ആസിം സയ്യിദുനാ തിരുനബി(സ്വ) തങ്ങളുടെ അടുത്തേക്ക് യാത്ര തിരിച്ചു.

സാബിത്(റ) ന്റെ കണ്ണുകൾ അണപൊട്ടി കണ്ണുനീർ വരാൻ തുടങ്ങി റസുലിനോട് വല്ല അനാദരവും താൻ കാണിച്ചോ ? അപരാധങ്ങൾ പിണഞ്ഞിട്ടുണ്ടോ ? എന്ന ചിന്ത യുമായി മിടിക്കുന്ന ഹൃദയത്തോട് കൂടി അദ്ദേഹം ഭാര്യ ജുബൈലയുടെ അടുക്കലെത്തി . മ്ലാനവദനായി വീട്ടിലെ ത്തിയ സാബിത്(റ)നെ കണ്ട് ഭാര്യ ജുബൈല പരിഭ്രാന്തിയാ യി. നബി(സ്വ)യോടുള്ള അനാദരവ് വരുത്തിയേക്കാവുന്ന അപത്ത് ഓർത്ത് ജുബൈലയും നിശബ്ദമായി.

സാബിത്(റ) പതിഞ്ഞ സ്വരത്തിൽ ഭാര്യയോട് പറഞ്ഞു ജുബൈലാ..... ഞാൻ കുതിരാലയത്തിൽ പ്രവേശിക്കുകയാണ്. നീ അതിന്റെ വാതിൽ പൂട്ടിയിടണം ഒന്നുകിൽ കുതിരാലയ ത്തിൽ വെച്ച് അന്ത്യശ്വാസം വലിക്കുക , അല്ലെങ്കിൽ റസൂലു

ല്ലാഹി എന്നിൽ സംപ്രീതനാവണം . എങ്കിൽ മാത്രമെ ഞാൻ കുതിരാലയത്തിൽ നിന്ന് പുറത്ത് കടക്കുകയുള്ളു.

സാബിതിന്റെ നിശ്ചയദാർഢ്യത്തിനും തിരുനബി(സ്വ) യോടുള്ള സ്നേഹവയ്പിനും മുന്നിൽ ജുബൈലക്ക് പ്രതിക രണ ശേഷിപ്പോലും നഷ്ടപ്പെട്ടു.

ഇതിനിടയിൽ ആസിമുബ്നു അദിയ്യ (റ) റസൂലിനോട് വിവരങ്ങൾ പറഞ്ഞിരുന്നു, സാബിതിന്റെ ഉൽകണ്ഠയും ,വഴി ലുണ്ടായ സംഭവവും തിരുറസൂലിനെ അദ്ദേഹം ധരിപ്പിച്ചു.

അങ്ങനെ നബി(സ്വ) തങ്ങൾ അദിയ്യ് (റ) നോട് പറഞ്ഞു: താങ്കൾ സാബിത് (റ) നെ കൂട്ടി കൊണ്ടുവാ.

സാബിതിനെ തേടി അദ്ദേഹം പുറപ്പെട്ടു. പക്ഷേ, കണ്ടെത്തിയില്ല. ആസിം നേരെ സാബിതിന്റെ വിട്ടിലെത്തി . അപ്പോൾ കണ്ടകാഴ്ച്ച , സാബിത് കുതിരാലയത്തിൽ . ആസിം ദു:ഖപരവശനായി സാബിത്തിനരികിലെത്തി.

അദിയ്യ (റ) പറഞ്ഞു നിങ്ങളെ തിരുനബി(സ്വ) തങ്ങൾ വിളിക്കുന്നു. അങ്ങനെ സാബിത് കുതിരാലയത്തിൽ നിന്ന് പുറത്തിറങ്ങി.ഇരുവരും തിരുനബി(സ്വ) തങ്ങളുടെ സന്നിധി യിൽലെത്തി. നബി(സ്വ) ചോദിച്ചു : എന്തിനാണ് സാബിതേ താങ്കൾ കരയുന്നത് ? എന്താണ് പ്രശ്നം?

നബിയേ ഞാൻ ശബ്ദമുയർത്തി സംസാരിക്കുന്ന പ്രകൃതക്കാരനാണ്.

തങ്ങൾക്കുമുന്നിൽ ഉറക്കെ സംസാരിക്കുന്നത് പരാ മർശിക്കുന്ന സൂക്തത്തിന്റെ അവതരണ പശ്ചാത്തലം ഈ

പാവം സാബിതായിരിക്കുമോ ? എന്ന ഉൽകണ്ഠയാണ് എന്നെ കരയിപ്പിച്ചത്.

റസൂൽ സാബിതിനോട് പറഞ്ഞു: സാബിത് താങ്കൾക്ക് രക്ത സാക്ഷിത്വം വരിക്കുന്നവനും സ്മരിക്കപ്പെടുന്നവനുമാവാനും സ്വർഗീയരാമത്തിലെത്താനും ആഗ്രഹിമില്ലേ ?

ഈ വചനം സാബിതിനെ ഏറെ സന്തോഷവാനാക്കി .

എന്നിട്ട് സത്യം ചെയ്തു ഇല്ല ! അങ്ങേക്കരികിലും അഭാവ ത്തിലും എന്റെ ശബ്ദം ഇനി പൊങ്ങില്ല ഞാൻ ഉച്ചത്തിൽ സംസാരിക്കില്ല അതോടെ ഖുർആൻ സൂക്തമിറങ്ങി. അല്ലാഹുവിന്റെ ദുതരുടെ അടുക്കൽ ശബ്ദം താഴ്ത്തുന്നവർ തഖ്വയ്ക്ക് വേണ്ടി തിരഞ്ഞെടുക്കപ്പെട്ട ഹൃദയമുള്ളവരാണ്. അവർക്ക് പാപമോചനവും വലിയ പ്രതിഫലവുമുണ്ട്.

പിന്നീട് സാബിത്(റ) മുസൈലിമത്തുൽ കദ്ദാബുമായി ഉണ്ടായ യുദ്ധത്തിൽ ഉറച്ചുനിന്നു പോരാടുകയും ശഹീദാവുകയും ചെയ്തു.

10

# ഒന്നിന് പത്ത്

ഒരിക്കൽ നബി(സ്വ) തങ്ങളുടെ പ്രിയപ്പെട്ട മകൾ ഫാത്വിമ ബീവി രോഗിയായി . ഭർത്താവായ അലി(റ) മഹതിയോട് ചോദിച്ചു. ഫാത്വിമ ദുനിയാവിന്റെ രസങ്ങളിൽ നിന്ന് വല്ലതും നീ ആഗ്രഹികുന്നുവോ?. ഫാത്വിമ(റ) പറഞ്ഞു.

അലിയാര് തങ്ങളെ , റുമ്മാൻ പഴം തിന്നാൻ എനിക്ക് വല്ലാത്ത ആഗ്രഹമുണ്ട് . അലി(റ) അലോചിച്ചു. തന്റെ പ്രിയ പത്നി, റസൂൽ(സ്വ) തങ്ങളുടെ പുന്നാര മകൾ  ഫാത്വിമ (റ) റുമ്മാൻ തിന്നാൻ ആഗ്രഹിക്കുന്നു. എന്തു ചെയ്യും ? കയ്യിൽ ഒരു ചില്ലി കാശുപോലുമില്ല. എങ്കിലും തന്റെ രോഗിയായികിടക്കുന്ന പ്രിയ പത്നിയുടെ ആഗ്രഹം നിറവേറ്റി കൊടുക്കാനുള്ള മോഹവുമായി അലി(റ) അങ്ങാടിയിലേക്ക് നടന്നു നീങ്ങി.

ഒരു ദിർഹം കടം വാങ്ങി, അത് കൊണ്ട് ഒരു റുമ്മാൻ പഴം വാങ്ങി തന്റെ പ്രിയ പത്നിയുടെ ആഗ്രഹം നിറവേറ്റിയതിലുള്ള സന്തോഷത്തോടെ തന്നെ സ്വീകരിക്കാൻ നിറപുഞ്ചിരിയുമായി കാത്തിരിക്കുന്ന ഫാത്വിമ ബിവിയുടെ മുഖവും മനസ്സിൽ കണ്ട് അലി(റ) വീട്ടിലോക്ക് യാത്ര തിരിച്ചു.

വീട്ടിലേക്കുള്ള യാത്രയിൽ ദിവസങ്ങളായി ഉപേക്ഷിക്കപ്പെട്ട നിലയിൽ അവശനായി കിടക്കുന്ന വൃദ്ധനായ ഒരാളെ കാണാനിടയായി. അലി(റ) അദ്ദേഹത്തിന്റെ ചാരത്ത് വന്നിരുന്നു ചോദിച്ചു: ഓ വന്ദ്യവയോധിക, എന്താണ് നിങ്ങളുടെ ആഗ്രഹം ? അയാൾ പറഞ്ഞു തങ്ങളെ ഞാനിവിടെ ഉപേക്ഷിക്കപ്പെട്ടവനായിട്ട് അഞ്ച് ദിവസമായി. ധാരളം ജനങ്ങൾ തന്റെ അരികിലൂടെ കടന്ന് പോയിട്ട് ആരും എന്നെ തിരിഞ്ഞ് നോക്കിയതുപോലുമില്ല. ഞാനിപ്പോൾ വല്ലാത്ത അവസ്ഥയിലാണ് . എനിക്കൊരു റുമ്മാൻ കിട്ടിയിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു.

ഇത് കേട്ടപ്പോൾ അലി(റ) അൽപനേരം ചിന്താകുലനായിരുന്നു. തന്റെ പ്രിയ പത്നി ഫാത്വിമാ ബിവിയുടെ ആഗ്രഹം നിറവേറ്റാനായി ഒരു ദിർഹം കടം വാങ്ങി നേടിയ പഴമാണല്ലോ ഈ വൃദ്ധനും ആഗ്രഹിക്കുന്നത്.

എന്തു ചെയ്യും ?

ഈ റുമ്മാൻ പഴം ഈ വൃദ്ധന് നൽകിയാൽ റുമ്മാന് വേണ്ടി കൊതിയോടെ കാത്തിരിക്കുന്ന പ്രിയ പത്നി ഫാത്വിമ നിരാശയാകുമോ ? വെറും കയ്യോടെ വീട്ടിലേക്ക് ചെന്നാൽ പ്രിയ സഖി എന്നോട് പിണങ്ങുമോ ?

ചോദിച്ചവനെ നീ ആട്ടിയകറ്റുകരുത് എന്ന അല്ലാഹുവിന്റെ വിശുദ്ധ വചനം യാചകൻ കുതിരപ്പുറത്ത് വന്നാലും അവനെ നിങ്ങൾ അവഗണിക്കരുത് എന്ന പ്രവാചക വചനവും അലി(റ) ന്റെ ഹൃദയത്തിൽ വന്നു.

അലി (റ) പിന്നെ കൂടുതൽ ചിന്തിച്ചില്ല.

തന്റെ ഭാര്യയുടെ വാക്കിനേക്കാൾ അല്ലാഹുവിന്റെയും അവന്റെ റസുലിന്റെയും വാക്കുകൾക്ക് വില കൽപ്പിച്ചു. റുമ്മാൻ പൊട്ടിച്ചു ആ വൃദ്ധനെ ഭക്ഷിപ്പിച്ചു. തൽസമയം ആ വൃദ്ധയുടെ അസുഖം ഭേധമായി .

അതേ സമയം രോഗിയായിരുന്ന, റുമ്മാനുവേണ്ടി കൊതിയോടെ കാത്തിരിക്കുന്ന ഫാത്വിമ ബീവിയുടെ രോഗം മാറി, പക്ഷെ ഇത് അലി(റ) അറിഞ്ഞിരുന്നില്ല.

വെറും കയ്യോടെ അലി (റ) വീട്ടിലേക്ക് മടങ്ങി . ഭാര്യയോട് എന്ത് പറയും ? അസുഖമായികിടക്കുന്ന സമയത്ത് ഒരു കാര്യം പറഞ്ഞിട്ട് അത് പോലും പൂർത്തികരിച്ചു കൊടുക്കാൻ എനിക്ക് സാധിച്ചില്ലല്ലോ ? എങ്ങനെ ബീവിയുടെ മുഖത്തേക്ക് നോക്കും. മനസ്സില്ലാമനസ്സോടെ അലി(റ) വീട്ടിലേക്ക് കയറിച്ചെന്നു.

ഫാത്വിമ (റ) തന്റെ ഭർത്താവിന്റെ മനോവിഷമങ്ങൾ പെട്ടന്ന് മനസ്സിലാക്കി ഭർത്താവിനെ കണ്ടയുടനെ എണീറ്റുനിന്നു. അലിയാര് തങ്ങളെ തന്റെ നെഞ്ചോട് ചേർത്ത് പിടിച്ചു ആലിംഗനം ചെയ്തു.

എന്റെ പ്രിയപ്പെട്ടവരേ,

നിങ്ങൾ വലിയ മനപ്രയാസത്തിലാണല്ലേ..... അല്ലാഹു വിനെ തന്നെ സത്യം . താങ്കൾ എനിക്കു വേണ്ടി കഷ്ടപ്പെട്ടു കൊണ്ടുവന്ന റുമ്മാൻ ആ വൃദ്ധ വയോധികന്ന് ഭക്ഷിപ്പി ച്ചപ്പോൾ തന്നെ എനിക്ക് റുമ്മാനിനോടുള്ള അഭിലാശം കെട്ട ടങ്ങിയിരുന്നു . അത് കൊണ്ട് നിങ്ങൾ ഒരിക്കലും പ്രയാസപ്പെ ടേണ്ടതില്ല, വിഷമിക്കേണ്ടതില്ല.

ഫാത്വിമ ബീവിയുടെ ഈ വാക്ക് കേട്ടപ്പോൾ അലി(റ) വിന്റെ പ്രയാസങ്ങൾ നീങ്ങി , സന്തോഷവാനായി. ഉടനെ തന്നെ ഒരാൾ വാതിലിൽ മുട്ടി . അലി (റ) ചോദിച്ചു ആരാണ് ? പ്രത്വുത്തരമുണ്ടായി ഞാൻ സൽമാനുൽ ഫാരിസ് . വതിൽ തുറക്കൂ... അലി(റ) എഴുന്നേറ്റ് വാതിൽ തുറന്നു ആ സമയത്ത് കണ്ട കാഴ്ച അലി(റ) വിനെ വീണ്ടും സന്തോഷവനാക്കി. തുണികൊണ്ട് മൂടപ്പെട്ട ഒരു പാത്രം സൽമാനുൽ ഫാരിസ് (റ) ന്റെ കയ്യിലുണ്ടായിരുന്ന ആ പാത്രം സൽമാൻ(റ) അലി(റ) വിന്റെ മുന്നിലേക്ക് വെച്ചു കൊടുത്തു. അലി(റ) ചോദിച്ചു ഇത് ആരാണ് തന്നത്? അല്ലാഹു അവന്റെ തിരുദൂതർക്കും തിരുദൂ തർ അങ്ങേക്കും നൽക്കിയിതാണിത്. സൽമാൻ(റ) മറുപടി നൽകി .

അന്നേരം അലി(റ) പാത്രത്തിന്റെ മുകളിൽ നിന്നും തുണിനീക്കി. നോക്കുമ്പോൾ ഒമ്പത് റുമ്മാൻ പഴങ്ങൾ കണ്ടു. ശേഷം അലി(റ) പറഞ്ഞു . സൽമാൻ , ഇത് എനിക്കുള്ളതാ ണെങ്കിൽ പത്തെണ്ണമുണ്ടാകുമായിരുന്നു. ഇതിൽ ഒമ്പതെണ്ണം മാത്രമെയുള്ളൂ. അത് കൊണ്ട് ഇത് എനിക്കുള്ളതല്ല കാരണം

ആരെങ്കിലും ഒരു നന്മ ചെയ്താൽ അവന് അത് പോലെ പത്തെണ്ണമുണ്ട്.

ഇത് കേട്ടപ്പോൾ സൽമാൻ(റ) ചിരിച്ചു തന്റെ കയ്യിൽ ഒളിപ്പിച്ചു വെച്ചിരുന്ന റുമ്മാൻ എടുത്ത് പാത്രത്തിൽ വെച്ച്. എന്നിട്ട് പറഞ്ഞു അലിയാരേ. അല്ലാഹുവിനെ തന്നെയാണ് സത്യം, ഇത് പത്തെണ്ണമുണ്ടായിരുന്നു. ഞാൻ അങ്ങനെ പരി ക്ഷിക്കാൻ വേണ്ടി ഒന്നെടുത്ത് ഒളിപ്പിച്ചു വെച്ചതായിരുന്നു. ഇത് കേട്ടപ്പോൾ അലി(റ) സന്തോഷത്തോടെ അത് സ്വീകരി ച്ചു.

11

# മദ്യപാനിയുടെ മനസ്സ് മാറുന്നു.

ഔലിയാക്കളിൽ ഉന്നത സ്ഥാനീയതാണ് ശൈഖ് സരിയ്യു സ്സിഖ്തി(റ) പാണ്ഡിത്യത്തിന്റെ നിറകൂടം. ജനലക്ഷങ്ങളുടെ ആലംബം . ജനഹൃദങ്ങൾക്ക് പ്രകാശം നൽകുന്ന ആത്മീയ നായകൻ, സൂക്ഷമതയുടെ പര്യായം, താൻ ചെയ്ത ഒരു പ്രവർത്തനത്തിന് മുപ്പത് വർഷം തൗബ ചെയ്തു . എന്നിട്ടും ആ പ്രവർത്തനത്തെ കുറിച്ചുള്ള ചിന്ത മഹാനെ വല്ലാതെ വേദനിപ്പിച്ചു. തന്റെ തൗബ സ്വീകരിക്കപ്പെട്ടോ, ഇല്ലയോ എന്ന വേവലാതി ശൈഖവർകളെ വേട്ടയാടി കൊണ്ടിരുന്നു. മനസ്സ് എപ്പോഴും നീറിപ്പുകഞ്ഞു കൊണ്ടിരുന്നു.

ഇത്രകാലം തന്റെ മനസ്സിനെ ഭയപ്പെടുത്തിയ പ്രവർത്തനമെന്തെന്നോ......? ഒരിക്കൽ ബഗ്ദാദിൽ വലിയൊരു തീപിടു

ത്തമുണ്ടായി വമ്പിച്ച നാശ നഷ്ടങ്ങളുണ്ടാക്കി , ഇതിനിടയിൽ ഒരാൾ വന്ന് ശൈഖവർകളോട് പറഞ്ഞു.

അങ്ങയുടെതൊഴിച്ച് ബാക്കിയുള്ളവരുടെയെല്ലാം കച്ച വട സ്ഥാപനങ്ങൾ കത്തി നശിച്ചു. അപ്പോൾ ശൈഖവർകൾ സന്തോഷത്തോടെ അൽഹംദുലില്ലാഹ് എന്ന് പറഞ്ഞു ആ വാക്കായിരുന്നു അദ്ദേഹത്തെ വിടാതെ പിന്തുടർന്ന തെറ്റ് . താനീ ചെയ്തത് മഹാപാതകമാണെന്ന് മഹാന്റെ മനസ്സ് മന്ത്രിച്ച് കൊണ്ടിരുന്നു . തന്റെ സഹോദരന്റെ വേദന കണ്ടില്ലെ ന്നതായിരുന്നു അദ്ദേഹത്തിന് മഹാപാപമായി തോന്നിയ കാര്യം അന്യന്റെ വേദന സ്വന്തം വേദനയായി കാണാൻ ലോകത്തെ പഠിപ്പിക്കുകയാണ് മഹാനായ ശൈഖവർകൾ.

ഒരിക്കൽ മഹാനായ സരിയു സ്സിഖ്തി (റ) വഴിയരികി ലൂടെ നടന്ന് നീങ്ങുകയായിരുന്നു. ജനങ്ങളെക്കെ ആ മഹാവ്യ ക്തിത്വത്തെ ആദരപൂർവ്വം നോക്കിനിന്നു . നടക്കുന്നതിനിടെ അദ്ദേഹത്തിന്റെ കണ്ണുകൾ വഴിയരികൽ വീണ് കിടക്കുന്ന ഒരു മനുഷ്യനിൽ പതിഞ്ഞു. അയാൾ മദ്യലഹരിയിൽ എന്തോ പിറുപിറുക്കുന്നുണ്ട് ശൈഖവർ അയാളെ സൂക്ഷച്ചു നോക്കി. അയാളുടെ നാവുകൾ മന്ത്രിക്കുന്നതെന്താന്ന് ? അല്ലാഹു. അല്ലാഹു. മദ്യപാനിയുടെ വായിൽ നിന്ന് വരുന്ന ശബ്ദം ശൈഖവർകൾ തിരിച്ചറിഞ്ഞു .മഹാന്റെ മനസ്സിൽ അസ്വസ്ഥത യുടെ വേലിയേറ്റം. മദ്യം പുരണ്ട് നജസായികിടക്കുന്ന നാവി ൽ അല്ലാഹുവിന്റെ നാമം ഉരുവിടുന്നു . മഹത്തായ ഇലാഹി സ്നേഹത്തിൽ അലിഞ്ഞു ചേർന്ന ശൈഖവർകൾക്കത് ചിന്തി ക്കാനേ കഴിഞ്ഞില്ല. ചാണകക്കുഴിയിൽ വിലയേറിയ മാണി

ക്യം സൂക്ഷിക്കുകയോ... മഹാൻ പെട്ടെന്ന് വെള്ളം കൊണ്ട് വന്ന് മദ്യപാനിയുടെ വായകഴുകി ,ശേഷം പറഞ്ഞു എന്റെ രക്ഷിതാവേ, നിന്റെ നാമമുരുവിടുന്ന നാവ് ഇങ്ങനെയാവാൻ പാടില്ല. മദ്യപാനിയുടെ വായ വൃത്തിയാക്കിയ ശേഷം ശൈഖ വർകൾ നടന്നു നീങ്ങി.

അയാൾക്ക് ബോധം വന്നപ്പോൾ ചുറ്റും കൂടി നിന്നവർ അയാളെ കുറ്റപ്പെടുത്താൻ തുടങ്ങി.

മനുഷ്യാ നിന്റെ അടുത്ത് വന്ന് വായ കഴികിത്തന്നത് ആരാണെന്ന് അറിയുമോ ? ജനങ്ങളുടെ ചോദ്യങ്ങൾക്ക് മുമ്പിൽ മദ്യപാനി അമ്പരന്നു നിന്നു .

എടാ നിന്റെ വായ കഴുകി വൃത്തിയാക്കിയത് സൂഫി ചക്രവർത്തിയായ മഹാനായ സരിയു സ്സഖ്തി (റ) വാണ്. ആ നാമം കേട്ടതും മദ്യപാനി തല താഴ്ത്തി നിന്നു .
അപമാന ഭാരത്തോടെ അയാൾ എഴുന്നേറ്റ് നടന്നു നീങ്ങി. കുറ്റബോധം അയാളുടെ മനസ്സിനെ വേട്ടയാടിക്കൊണ്ടിരുന്നു.

അന്ന് രാത്രി ശൈഖവർകൾ ഒരു സ്വപ്നം കണ്ടു. ലോക രക്ഷിതാവായ അല്ലാഹു സംസാരികുന്നു. ഒ സരിയുസ്സിഖ്തി.... നിങ്ങൾ എനിക്കു വേണ്ടി ഒരു മദ്യപാനി യുടെ വായ കഴുകി ശുദ്ധമാക്കി, നിങ്ങൾക്ക് വേണ്ടി അയാ ളുടെ ഹൃദയം ഞാനും ശുദ്ധമാക്കിയിരിക്കുന്നു. സ്വപ്ന ദർശന ത്തിന്റെ യാഥാർത്ഥ്യമറിയാൻ മഹാൻ രാവിലെ തന്നെ തിടുക്ക ത്തിൽ യാത്രയായി. ലക്ഷ്യം ഇന്നലെ കണ്ട മദ്യപാനി. ഒരു പാട് അന്വേഷിച്ചിട്ടും കണ്ടെത്തിയിട്ടില്ല. അവസാനം അയാൾ പള്ളിയിലേക്ക് നടന്നു നീങ്ങി . അവിടെ കണ്ട കാഴ്ച അദ്ദേ

ഹത്തെ അമ്പരിപ്പിച്ചു .അഹ്ലാദത്തിന്റെ വേലിയേറ്റം മഹാന വർകളുടെ ഹൃദയത്തിൽ രൂപം കൊണ്ടു.

ഇന്നലെ മദ്യലഹരിയിൽ ലക്കു കെട്ട് കിടന്നവൻ ഇന്ന് പള്ളിയിൽ ഇബാദത്തിൽ മുഴുകിയിരിക്കുന്നു. സുദീർഘമായ സുജുദുകൾ, കവിഞ്ഞൊഴുകുന്ന കണ്ണുനീർ....... പശ്ചാതാപ ത്തിന്റെ തുരുത്ത് തേടുന്ന ആത്മദാഹി . നിസ്കാരാനന്തരം ശൈഖവർകൾ അദ്ദേഹത്തോട് ചോദിച്ചു.

എന്താണ് നിങ്ങളുടെ മാറ്റത്തിന് കാരണം. അയാളുടെ പ്രതിവചനം ശൈഖവർകളിൽ അമ്പരപ്പുണ്ടാക്കി. അല്ലെയോ ശൈഖവർകളേ, എന്തിനാണത് അങ്ങ് എന്നോട് ചോദിക്കുന്ന ത്. എല്ലാം ഇന്നലെ രാത്രി അല്ലാഹു അറിയിച്ചു തന്നില്ലയോ..... ഇന്നലെ ഓവുചാലിൽ മദ്യലഹരിയിൽ വീണ് കിടന്നവർ ഞാൻ മാത്രമറിയുന്ന മഹാ രഹസ്യം പറയുന്നു. ആശ്ചര്യ ത്തോടെ ശൈഖവർകൾ ചോദിച്ചു. ഇക്കാര്യം ആരാണ് നിങ്ങ ളോട് പറഞ്ഞത്? അയാൾ പറഞ്ഞു. മാലിന്യ കൂമ്പാരമായി രുന്ന എന്റെ ഹൃദയം കഴുകി ശുദ്ധിയാക്കിയവനാരോ അതേ റബ്ബ് തന്നെയാണിക്കാര്യം എന്നോട് പറഞ്ഞത്.... ഹൃദയസം സ്കരണത്തിന്റെ ഉദാത്ത മാതൃകകൾ..... മാഹന്മാരോടുള്ള സഹവാസമാണ് ഹൃദയ ശുദ്ധീകരണത്തിന് അനിവാര്യം. അവർ ഇരുളടഞ്ഞ ഹൃദയങ്ങൾക്ക് പ്രകാശം നൽകും

അവരിലൂടെ ജനമസ്സുകളെ അല്ലാഹു ജീവിപ്പിക്കും ... ഹൃദായന്തരങ്ങളെ സംസ്കരിക്കും..... മദ്യപാനികൾ ഇലാഹീ സ്നേഹത്തിന്റെ ഉദാത്ത മാതൃതകളാവും.

12

# നീറുന്നമനസ്സുമായി നീങ്ങുന്ന സ്വഹാബി

ദിനങ്ങൾ അനവധി പിന്നിട്ടു. സഅ്ലബത്ബ്നു അബ്ദുറഹ്മാൻ (റ) നെ കുറിച്ച് യാതൊരു വിവരവുമില്ല. പ്രവാചകർ(സ്വ) കുറെ ദിവസമായി സഅ്ലബ്(റ) നെ അന്വേഷികുന്നു. ഒരു വിവരവും ലഭിച്ചല്ല. സ്വഹാബാക്കളും സഅ്ലബ്(റ) നെ കുറിച്ച് അന്വേഷിക്കുന്നുണ്ട്. ആർകും തങ്ങളുടെ സഹോദരൻ സഅ്ലബ് (റ) നെ കുറിച്ച് ഒരു വാർത്തയും കിട്ടിയിട്ടില്ല. അദ്ദേഹത്തെ കാണാതായിട്ട് ഇന്നേക്ക് 40 ദിവസമയി.

സഅ്ലബ്(റ) നെ കാത്തിരിക്കുന്ന പ്രവാചകന്റെ സവിധത്തിലേക്ക് വഹ്‌യുമായി ജിബ്‌രീൽ (റ) കടന്നു വന്നു. പ്രവാചകരേ തങ്കളുടെ റബ്ബ് താങ്കൾക്ക് സലാം ചൊല്ലിയിരികുന്നു. എന്റെ നരകത്തെ പേടിച്ച് അങ്ങയുടെ സമുദായത്തിൽ നിന്ന്

ഒളിച്ചോടിയ വ്യക്തി ഇന്നാലിന്ന പർവ്വതത്തിൽ അഭയം പ്രാപി ച്ചിരികുന്നു വെന്ന് റബ്ബ് അങ്ങയെ അറിയിക്കുകയും ചെയ്തിരി കുന്നു.

തന്റെ, ജീവിതത്തിന്റെ അധിക സമയവും തനിക്ക് സേവനം ചെയ്യുന്ന സഅ്ലബ്(റ)നെ കുറിച്ചുള്ള വിവരം ലഭിച്ച ഉടൻ അദ്ദേഹത്തെ തന്റെ സവിധത്തിലേക്ക് കൊണ്ടു വരാൻ ഉമർ(റ)നെയും സൽമാൻ(റ) നെയും നിയോഗിച്ചു. പ്രവചകൻ(സ്വ) ഏൽപ്പിച്ച ദൗത്യ പൂത്തീകരണത്തിന് വേണ്ടി ഉമർ(റ) വും സൽമൻ (റ) യും പുറപ്പെട്ടു.

നടന്നു നടന്നു നാഴികൾ പിന്നിട്ടു അവസാനം മദീന യിലെ അട്ടിടയന്മാരിൽ ഒരാളായ 'ദഫാഫ്' എന്ന വ്യക്തിയെ ഉമർ(റ)വും സൽമാൻ(റ) വും കണ്ടുമുട്ടി. ദഫാഫയോട് ഉമർ(റ) ചോദിച്ചു.

"യാ ദഫാഫ, മക്കയുടെ യും മദീനയുടെയും ഇടയിലു ള്ള ഈ പർവ്വതത്തിൽ ഒരു യുവാവുള്ളതായി ആറിയുമോ ? ദഫാഫ പറഞ്ഞു നരകത്തെ പേടിച്ച് കഴിയുന്ന ഒരു വ്യക്തി യെയാണോ താങ്കൾ ഉദ്ദേശിക്കുന്നത്.

ഉമർ (റ) ദഫാഫയോട് കൗതുകപുർവ്വും ചോദിച്ചു: എങ്ങനെയാണ് അദ്ദേഹം നരകത്തെ പേടികുന്നു എന്ന് നിങ്ങളറിഞ്ഞത്.

ദഫാഫ വിശദീകരിച്ചു: അല്ലയോ ഉമർ(റ) രാത്രി പകുതി പിന്നിട്ടാൽ ഈ താഴ്വരയിൽ നിന്നും ഒരാൾ കടന്നു വരുന്നത് കാണാം. അദ്ദേഹം തന്റെ കൈകൾ തലയിർ വെച്ച്

കരയുന്നതും വിളിച്ച് പറയുന്നതും ഞങ്ങൾ ദിനേനെ കേൾകുന്നു.

"അനവധി ശരീരങ്ങളിൽ നിന്ന് എന്റെ ശരീരത്തെയും അനവധി റുഹുകളിൽ നിന്ന് എന്റെ റുഹിനെയും നാഥാ നീ പിടിക്കണമേ. ഇനിയും എനിക്ക് ഈ ഭൂമിയിൽ ജീവിക്കാൻ ആയുസുണ്ടെങ്കിൽ കൂടി അല്ലാഹുവേ നീ ഇപ്പോൾ തന്നെ എന്റെ റൂഹിനെ പിടിക്കണേ."

ഈ വാചകങ്ങളാണ് ആ മനുഷ്യൻ പറയുന്നതെന്ന് ദഫാഫ, ഉമർ(റ) നോട് പറയേണ്ട താമസം ഉമർ(റ) അദ്ദേഹത്തെ കാണിച്ച് കൊടുക്കാൻ ദഫാഫയോട് പറഞ്ഞു. അദ്ദേഹം അവരെ മലമുകളിലേക്ക് നയിച്ചു.

രാത്രി കഴിഞ്ഞപ്പോൾ മലഞ്ചെരാവിൽ നിന്ന് ഒരാൾ പുറത്ത് വന്ന് തന്റെ ദോഷങ്ങളെ കുറിച്ച് തന്റെ നാഥനോട് പരാതിപ്പെടുന്നത് കേട്ടു. ഉമർ(റ) ന് ആ ശബ്ദം സഅ്ലബ് (റ) ന്റെ താണെന്ന് മനസ്സിലായി. സധൈര്യം മുന്നോട്ട് ചെന്ന് അദ്ദേഹത്തിന്റെ കയ്യിൽ പിടിച്ച് ഉമർ(റ) നോട് സഅ്ലബിന്റെ ചോദ്യം: എപ്പോഴാണ് ഉമറേ, നരകത്തിൽ നിന്ന് ഞാൻ രക്ഷപ്പെടുക. ?

ഉമറേ, എന്റെ ദോഷങ്ങളെ കുറിച്ച് പ്രവചകൻ (സ്വ) വല്ലതും അറിഞ്ഞിട്ടുണ്ടോ ? സാന്ത്വനമെന്നാണം ഉമർ(റ) പറഞ്ഞു. അതിനെപ്പറ്റി ഞാൻ അറിയില്ല സഅ്ലബ്. ഇന്നലെ പ്രവാചകർ(സ്വ) താങ്കളെ കുറിച്ച് പറഞ്ഞു. ഞങ്ങളെ താങ്കളുടെ അടുക്കലേക്ക് അയക്കുകയും ചെയ്തു. താങ്കളെ തിരുസന്നിധിയിൽ എത്തിക്കലാണ് എന്റെ ഉത്തരവാദിത്തം.

ഉമർ(റ) വിന്റെ സംസാരം കഴിഞ്ഞപ്പോൾ യാചനയെ ന്നോണം സഅ്ലബ്(റ) പറഞ്ഞു: ഉമർ (റ) തിരുദൂതർ നിസ്കാരത്തിലായിരികുമ്പോഴോ ബിലാൽ(റ) ............ പറ യുമ്പോഴോ അല്ലാതെ എന്നെ പ്രവാചകന്റെ സവിധത്തിലേക്ക് കൊണ്ട് ചെല്ലരുതേ.

സഅ്ലബിന്റെ ഉടമ്പടി ഉമർ(റ) അംഗീകരിച്ചു. അദ്ദേഹ വുമായി മദീനയിലെത്തി . ഉടമ്പടി പ്രകാരം തിരുദൂതർ നിസ്കാരത്തിലായപ്പോൾ സഅ്ലബ്(റ)വുമായി ഉമർ (റ) പള്ളിയിലേക്ക് പ്രവേശിച്ചു. പ്രവാചകന്റെ ഖിറാഅത്ത് കേൾകേണ്ട താമസം സഅ്ലബ് (റ) ബോധം കെട്ട് നിലത്തു വീണു.

നിസ്കാരം കഴിഞ്ഞ സമയം പ്രവാചകർ(സ) ഉമർ(റ)നോടും സൽമാൻ(റ) നോടും പോയ കാര്യത്തെ കുറിച്ച് അന്വേഷിച്ചു. ബോധം കെട്ട് കിടക്കുന്ന സഅ്ലബിന്റെ സവിധത്തിലേക്ക് ലോകനായകൻ എത്തി. അദ്ദേഹത്തെ ഉണർത്തിയ ശേഷം അവിടുന്ന് സഅ്ലബ് (റ) നോട് ചോദിച്ചു: എന്ത് കാര്യമാണ് മരഞ്ഞിരിക്കാൻ താങ്കളെ പ്രേരിപ്പിച്ചത്. തൽസമയം അദ്ദേഹം പറഞ്ഞു: റസൂലേ എന്റെ ദോഷമാണ് മറഞ്ഞിരിക്കാൻ എന്നെ പ്രേരിപ്പിച്ചത്. അതെ, പ്രവാചകന്റെ പരിചാരകനായി സസന്തോഷം ജീവിക്കുന്നതി നിടയിലാണ് അത് സംഭവിച്ചത്

അൻസാറുൽകളിൽപ്പെട്ട ഒരു സുഹൃത്തിന്റെ വീടിന് മുന്നിലുടെ നടന്നു പോയ സഅ്ബ്(റ) ഒരു വേള ഒരു സ്ത്രി കുളിക്കുന്നത് കണ്ടു. തന്റെ പൈശാചിക പ്രേരണക്ക് വഴങ്ങിയ

സഅ്ലബ്(റ) ഒന്നുകൂടി ആ സ്ത്രീ കുളിക്കുന്നത് നോക്കി പോയി.

താൻ ചെയ്ത അപരാധത്തെ കുറിച്ച് നാളെ അല്ലാഹു തന്നോട് ചോദിക്കുമെന്നും താൻ മറുപടി പറയേണ്ടി വരുമെന്നുള്ള ചിന്ത സഅ്ലബ്(റ) തൊട്ടുണർത്തി പ്രവാചകൻ (സ്വ)ക്ക് ഇതിനെ കുറിച്ച് വഹ്യ് ഇറങ്ങിയാൽ താൻ എങ്ങനെ പ്രവാചകന്റെ മുഖത്ത് നോക്കും എന്ന ലജയും പോടിയും കാരണത്താലാണ് സഅ്ലബ് (റ) മക്കയുടെയും മദീനയുടെയും ഇടയിലുള്ള പവർവ്വത്തിൽ അഭയം പ്രാപിച്ചത് .

അവസാനം വിറക്കുന്ന ചുണ്ടുകളോടെ ഇടറുന്ന ശബ്ദത്തിൽ നിറഞ്ഞ കണ്ണുകളോടെ വിതുമ്പി കൊണ്ട് തന്റെ മുമ്പിൽ നിൽക്കുന്ന സഅ്ലബ്(റ)നോട് പ്രവചകൻ(സ്വ) പറഞ്ഞു: സഅ്ലബേ, ദോഷങ്ങളിൽ നിന്ന് മുക്തിനോടുന്ന പ്രർത്ഥന നിനക്ക് ഞാൻ പഠിപ്പിച്ചിട്ടില്ലേയോ?

വിതുമ്പുന്ന സഅ്ലബ്(റ) പറഞ്ഞു: അതിനോക്കാൾ വലിയ ദോഷമാണ് ഞാൻ ചെയ്തത്

സഅ്ലബിന്റെ വേദന മനസ്സിലാക്കിയ പ്രവാചകൻ സഅ്ലബിനോട് പറഞ്ഞു സഅ്ലബേ അല്ലാഹുവിന്റെ വചനമാണ് അതിനേക്കൾ വലുത്. സാന്ത്വനത്തിന്റെ വചനങ്ങൾ ചൊരിഞ്ഞ പ്രവാചകൻ(സ്വ) സഅലബ്(റ)നെ തന്റെ വീട്ടിലേക്ക് യാത്രയാക്കി.

ദിനങ്ങൾ ഒരുപാട്കഴിഞ്ഞ് പോയി. സഅ്ലബ് (റ) രോഗിയാണ് എന്ന വിവരവുമായി കടന്ന് വന്ന സൽമാൻ (റ) നോട് പ്രവാചകൻ(സ്വ) പറഞ്ഞു: നമുക്ക് സഅ്ലബിന്റെ വീട്ടി

ലേക്ക് പോകാം താൻ ചെയ്ത തെറ്റിന്റ  പോരിൽ വിശമം അനുഭവിച്ച് രോഗിയായിമാറിയ സഅ്ലബിന്റെ സവിധത്തിലോക്ക് ലോക സമാധനനായകൻ റസൂൽ(സ്വ) കടന്നു വന്നു. സഅ്ലബിന്റെ തലയെടുത്ത് പ്രവാചകൻ തന്റെ മടിയിലേക്ക് വെക്കോണ്ടതാമസം തിരൂദുതരുടെ പരിശുദ്ധമായ മടിയിൽ നിന്ന് അദ്ദേഹം തലമാറ്റി. കാരണം എന്ത് എന്ന് അന്വേഷിച്ചപ്പോൾ പ്രവാചകനോട് ഗദ്ഗദത്തോടോ അദ്ദേഹം പറഞ്ഞു: ദോഷങ്ങൾ നിഞ്ഞവനാണ് ഞാൻ പ്രവാചകരെ.

സഅ്ലബിനോട് റസൂൽ(സ്വ) വിണ്ടും ചോദിക്കുന്നു: എന്താണ് സഅലബ് എന്താണ് ഇപ്പോൾ തോന്നുന്നത്? സഅലബ് (റ) പ്രവാചകനോട് പറഞ്ഞു എന്റെ എല്ലിന്റെയും തൊലിയുടെയും ഉള്ളിൽ ഉറുമ്പ് അരിക്കുന്നത് പോലെ. എന്താണ് താങ്കൾ അഗ്രഹിക്കുന്നത്? പ്രവാചകന്റെ മറുചോദ്യത്തിന് നാളെ റബിന്റെ മുമ്പിൽ ഞാൻ ചെയ്ത ദോഷത്തിന് മറുപടി പറയോണ്ടി വരുമെന്ന ചിന്ത സദഅലട്ടികൊണ്ടരിക്കുന്നുവെന്ന് സഅലബ് (റ) മറുപടി പറഞ്ഞു.

എന്റെ ദോഷം റബ്ബ് പൊറുക്കാനാണ് ആഗ്രഹിക്കുന്നത് പ്രവാചകരെ. തൽസമയം മലക്ക് ജീബിരിൽ (സ്വ) കടന്ന് വന്നു അല്ലെയോ പ്രവാചകാരെ അങ്ങയുടെ റബ്ബ് ആ സഹോദരന്ന് സലാം ചെല്ലിയിരിക്കുന്നു. ഒരു അടിമ ഭൂമി മുഴുവൻ ദോഷവുമായി റബ്ബിനെ കണ്ട്മുട്ടിയാൽ പോലും റബ്ബ് അവനെ ആ ഭൂമി മുഴുവൻ മഗ്ഫിറത്തുമായി എതിരേൽക്കുമെന്ന് അറിയിക്കുകയും ചെയ്തിരിക്കുന്നു.

ഈ വാർത്ത സഅലബ് (റ) ന്റെ സവിധത്തിൽ പ്രവാചകൻ(സ്വ) സസന്തോഷം അറിയിച്ചു . റബ്ബ് തന്നിൽ പൂർണ്ണ സംതൃപ്തനാണെന്നറിയേണ്ട താമസം ഒരു അട്ടഹസത്തോടെ സഅ്‌ലബ് (റ) വഫാത്തായി. ജനാസയിൽ പ്രവാചകൻ (സ്വ) തന്റെ കാൽ വിരലുകളിയായിരുന്നു നടന്നത്. സ്വഹാബത്ത് കാരണമന്വേഷിച്ചു. മലക്കുകളുടെ തിരക്ക് കാരണമാണ് ഞാൻ അങ്ങനെ നടന്നിരുന്നത് എന്ന് പ്രവാചകൻ പ്രത്യുത്തരം നൽകി.

13

# എല്ലാം നന്മക്ക് വേണ്ടി

ഒരു ദിവസം ആധ്യാത്മിക ജ്ഞാനങ്ങളിൽ അഗ്രഗണ്യനായ ലുഖ്മാനുൽ ഹകീം(റ) തന്റെ കുഞ്ഞിനോട് കുഞ്ഞുമോനെ നിനക്ക് സന്തോഷമുളവാക്കുന്നതോ ദു:ഖത്തിൽ വീഴ്ത്തുന്നതോ ആയ വല്ലതും സംഭവിച്ചാൽ അത് നിന്റെ തന്നെ നന്മക്ക് വേണ്ടിയാണെന്ന് നീ മനസ്സിലാക്കണം എന്ന് പറഞ്ഞപ്പോൾ ആ കൃസുതി കുട്ടിയുടെ മറുപടി ചിന്താർഹമായിരുന്നു.

വാപ്പ...... താങ്കൾ പറഞ്ഞത് സത്യമാണോ? എങ്കിൽ എനിക്കതൊന്ന് ബോധ്യപ്പെടുത്തി തരിക.

ഞാൻ പറഞ്ഞതിന്റെ നിജസ്ഥിതി ബോധ്യപ്പെടണമെന്ന് നിനക്ക് നിർബന്ധമുണ്ടെങ്കിൽ അങ്ങകലെയുള്ള ഒരു നബിയുടെ അടുത്ത് ചെന്ന് സംസാരിക്കാം.

അവർ രണ്ടു പേരും യാത്രാസാമഗ്രികളുമായി കഴുതപ്പുറത്ത് കേറി പ്രവാചക സന്നിധിയിലേക്ക് യാത്രയായി. ചുട്ടുപൊള്ളുന്ന മണലാരണ്യത്തിലൂടെയുള്ള ദീർഘയാത്ര. രാവും പകലും യാത്ര തന്നെ. ഉച്ച വെയിലേറ്റ് അവരുടെ കുടിവെള്ളം വറ്റിപ്പോയി. ഭക്ഷണം തീർന്നു. കഴുതകൾ ക്ഷീണിച്ചു. അവരുടെ വേഗത കുറഞ്ഞു. എത്ര ശ്രമിച്ചിട്ടും പൂർവ്വ സ്ഥിതി പ്രാപിക്കാനായില്ല. പിന്നെ നടന്നായി യാത്ര.

അതിനിടയിൽ വിദൂരതയിൽ കരിവർണ്ണം പുതച്ച വൃക്ഷങ്ങളും പുകച്ചുരുളുകളും കണ്ടപ്പോൾ അതിലേക്കായി ലുഖ്മാൻ (റ) ന്റെ ശ്രദ്ധ .

പെട്ടെന്ന് ഒരു ശബ്ദം കേട്ട് പിന്തിരിഞ്ഞ് നോക്കിയപ്പോൾ പാദങ്ങളിൽ നിന്ന് രക്തം വാർന്ന് ബോധരഹിതനായി കിടക്കുന്ന പുത്രനെയാണ് കണ്ടത്.

തന്റെ പുത്രന്റെ പാദങ്ങളിൽ തറച്ചിരിക്കുന്ന കൂർത്ത മുനയുള്ള എല്ലിൻ കഷ്ണം പല്ല് കൊണ്ട് കടിച്ചെടുത്തു മുറിവ് കെട്ടിയതിനു ശേഷം സ്നേഹനിധിയായ ആ പിതാവ് പുത്രനെ വാരിയെടുത്ത് മടിയിൽ വെച്ചു. നിഷ്കളങ്കമായ ആ മുഖത്തേക്ക് നോക്കിയപ്പോൾ ലുഖ്മാൻ(റ)വിന്റെ കണ്ണുകൾ ആർദ്രമായി. അണപൊട്ടിയ കണ്ണുനീർ പുത്രന്റെ മുഖത്തേക്ക് ഇറ്റി വീണപ്പോൾ കുട്ടി ബോധം തെളിഞ്ഞു എഴുന്നേറ്റു.

കരഞ്ഞു കൊണ്ടിരിക്കുന്ന പിതാവിനെ കണ്ടപ്പോൾ പുത്രൻ ആശ്ചര്യത്തോടെ ചോദിച്ചു.

ബാപ്പാ... അങ്ങയും കരയുകയാണോ?

എല്ലാം എന്റെ തന്നെ നന്മക്കാണെന്നല്ലെ ബാപ്പ പറഞ്ഞത്. എന്നാൽ ഇപ്പോൾ..? ഭക്ഷണം തീർന്നു, കുടിവെള്ളം വറ്റി, താങ്കൾ എന്നെ ഇവിടെ ഉപേക്ഷിച്ചു പോയിരുന്നെങ്കിൽ ഞാൻ വേദന തിന്ന് മരിക്കുമായിരുന്നു. എന്റെ കൂടെ നിന്നത് കൊണ്ട് ഇനി നമുക്ക് രണ്ടു പേർക്കും ഒരുമിച്ച് മരിക്കേണ്ടി വരും.

പിതാവേ... കാര്യങ്ങൾ ഇങ്ങനെയൊക്കെ ആണെങ്കിൽ പിന്നെ എങ്ങനെയാണ് എനിക്ക് നന്മയാവുക.?

കുഞ്ഞുമോനേ... ഞാൻ എന്തിനാണ് കരഞ്ഞതെന്ന് അറിയുമോ? ലോകത്ത് എനിക്കുള്ള സമ്പാദ്യം മുഴുവൻ നിനക്ക് ദാനമായി നൽകുവാൻ ഞാൻ ആഗ്രഹിച്ചു. പക്ഷേ എന്റെടുത്തുള്ളത് ഒരു പിതാവിന്റെ നിർമല സ്നേഹം മാത്രമാണ്. അതാണ് എന്നെ വേദനിപ്പിച്ചത്.

ഈ ബുദ്ധിമുട്ടുകൾ മുഴുവനും നന്മയാകുന്നത് എങ്ങനെ എന്ന് നീ ചോദിച്ചുവല്ലോ...

നോക്കൂ..! നിന്റെ പാദത്തിൽ ഒരു എല്ലിൻ കഷ്ണം മാത്രമേ തറപ്പിച്ചിട്ടുള്ളു... അതിനേക്കാൾ വലിയ പരീക്ഷണം അനുഭവിച്ചുകൊണ്ടിരിക്കുന്നവർ ഈ ലോകത്തിൽ എത്രയാണുള്ളത്..!

കൈകാലുകൾ നഷ്ടപ്പെട്ടവർ, അന്ധർ, ബധിരർ, എല്ലാ അവയവങ്ങളുമുണ്ടായിട്ടും മനസ്സ് മരവിച്ചവർ, ദൈവനി

ഷേധികൾ അങ്ങനെയങ്ങനെ നിരവധി പേരാണ് പരീക്ഷിക്കപ്പെട്ടിട്ടുള്ളത്?

കുഞ്ഞുമോനെ.... നിന്റെയും അവരുടെയും അവസ്ഥ ഒന്ന് പരിശോധിച്ച് നോക്കൂ... എന്ത് മാത്രം നിസ്സാര സംഗതിയാണ് നിനക്ക് വന്ന് ഭവിച്ചിട്ടുള്ളത്. മകനേ! നിനക്ക് അനുഗ്രഹമല്ലേ ഇത്?

‘‘തീർച്ചയായും’’

പുത്രന്റെ മറുപടിയിൽ സന്തോഷം തോന്നിയ ലുഖ്മാൻ(റ) വീണ്ടും വിദൂരതയിലേക്ക് കണ്ണ് പായിച്ചു. നേരത്തെ അവിടെ ദൃശ്യമായിരുന്ന പുകച്ചുരുളുകൾ അപ്രത്യക്ഷമായിരിക്കുന്നു.

അതേകുറിച്ച് ആലോചിച്ച് കൊണ്ടിരിക്കെ, ശുഭ്ര വസ്ത്രധാരിയായ ഒരാൾ അന്തരീക്ഷത്തിലൂടെ കുതിച്ച് വരുന്നതായി ലുഖ്മാൻ (റ) കണ്ടു. ആ രൂപം അടുത്തെത്തിയപ്പോൾ അപ്രത്യക്ഷമായി. ശൂന്യതയിൽ നിന്ന് ഒരു ശബ്ദം വിളിച്ചു പറഞ്ഞു:

‘‘താങ്കളാണോ ലുഖ്മാൻ?’’

‘‘അതെ’’

‘‘ഹക്കീം അല്ലേ?’’

‘‘അങ്ങനെയാണ് വിളിക്കാറ്. എന്റെ റബ്ബും അങ്ങനെയാണ് എന്നെ വിളിച്ചത്.’’

“ഈ കുസൃതികുട്ടി എന്താണ് താങ്കളോട് ചോദിക്കുന്നത്?”

“അതു ചോദിക്കാൻ താങ്കൾ ആരാണ്. ശബ്ദം കേൾക്കുന്നുണ്ട്. പക്ഷേ താങ്കളെ ഞാൻ കാണുന്നില്ലോ?” ലുഖ്മാൻ(റ) ചോദിച്ചു.

“ഞാൻ ജീബരീലാണ്. അല്ലാഹുവും അവന്റെ മലക്കുകളും അവനോട് ഏറ്റവും അടുപ്പമുള്ള നബിമാരും മാത്രമേ എന്നെ കാണുകയുള്ളൂ. പറയൂ... താങ്കളുടെ കുട്ടിയെന്താണ് താങ്കളോട് പറയുന്നത്?”

ഒരു മലക്കിനോട് ഞാൻ അതെന്തിന് പറയണം? എന്നെക്കാൾ കൂടുതൽ വിവരം ജീബ്രീലിന് ഉണ്ടായിരിക്കുമല്ലോ എന്ന് ലുഖ്മാൻ (റ) മനസ്സിൽ വിചാരിച്ചു.

ജിബ്രീൽ(അ) പറഞ്ഞു: “നിങ്ങളെ സംരക്ഷിക്കുക എന്ന ബാധ്യത മാത്രമേ എനിക്കുള്ളൂ. മറ്റൊന്നും എനിക്കിയില്ല ഈ നാടും പരിസരവും കീഴ്മേൽ മറിക്കാൻ എന്റെ റബ്ബ് എന്നോട് ആജ്ഞാപിച്ചു. ആ സമയത്താണ് താങ്കൾ ഈ നാട് ലക്ഷ്യം വെച്ച് വരുന്നത്. അതിഭീകരമായ അന്തരീക്ഷത്തിൽ നിന്നും താങ്കളെ  രക്ഷിക്കണമെന്ന് ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിച്ചു. അല്ലാഹു പ്രാർത്ഥന കേട്ടു. അത് കൊണ്ടാണ് ഇപ്പോൾ നിങ്ങളുടെ മകൻ അനുഭവിക്കുന്ന ചെറിയ ബുദ്ധിമുട്ടുകൾ നൽകി അല്ലാഹു നിങ്ങളെ രക്ഷിച്ചത്. അല്ലെങ്കിൽ നിങ്ങളെ കൂടി കീഴ്മേൽ മറിക്കുമായിരുന്നു. എന്ന് പറഞ്ഞ്

കൊണ്ട് ജിബ്രീൽ (അ) കുട്ടിയുടെ മുറിവ് പറ്റിയ ഭാഗങ്ങളിൽ തടവിക്കൊടുത്തു. അത്ഭുതം! ലുഖ്മാൻ (റ) വിന്റെ പുത്രൻ മുറിവുണങ്ങി എഴുന്നേറ്റ് നടന്നു. ഭക്ഷണ പാത്രത്തിൽ തടവി യപ്പോൾ അതിൽ നിറയെ ഭക്ഷണം! ജിബ്രീൽ(അ) അവ രെയും കഴുതകളെയും താങ്ങിയെടുത്ത് പക്ഷി ചിലക്കുന്നത് പോലെ ഒച്ചവെച്ച് അവരുടെ വീട്ടിലേക്ക് പോയി.

അങ്ങനെ ആ കുട്ടി അപകടങ്ങൾ അനുഗ്രഹങ്ങളാകു ന്നത് എങ്ങനെയെന്ന് തിരിച്ചറിഞ്ഞു.

14

# വിശ്വാസത്തിന്റെ മാധുര്യം

ബദ്റിൽ പങ്കെടുത്ത അൻസാരി സ്വഹാബി ഖുബൈബ് ബ്നു അദിയ്യ്(റ) നെ സത്യനിഷേധികൾ ബന്ധനസ്ഥനാക്കി മക്കയിലേക്ക് കൊണ്ടുപോയി. അവിടെ നിന്ന് ഒരാൾ 80 ദിനാർ കൊടുത്ത് അദ്ദേഹത്തെ വാങ്ങി. ബദ്റിൽ വധിക്കപ്പെട്ട തന്റെ സഹോദരന് പകരം അദ്ദേഹത്തെ വധിക്കണം എന്ന ആഗ്രഹത്തോടെയാണ് വാങ്ങിയത്. മറിയം എന്നു പേരുള്ള ഒരു ദാസിയുടെ മേൽനോട്ടത്തിൽ ഖുബൈബിനെ തടവിൽ പാർപ്പിച്ചു. ദാസി പറയുകയാണ്:

ഖുബൈബ്(റ) അർധരാത്രിയിൽ ഉണർന്ന് അല്ലാഹുവിന് വേണ്ടി തഹജ്ജുദ് നിസ്കരിക്കും. നിസ്കാരാനന്തരം

മധുരമായി ഖുർആൻ പാരായണം ചെയ്യും. അത് കേട്ട് ആളുകൾ കരയും. ഒരു ദിവസം ഞാൻ ഖുബൈബിനോട് പറഞ്ഞു.

“നിനക്ക് എന്തെങ്കിലും ആഗ്രഹമുണ്ടെങ്കിൽ എന്നോട് പറയണം.”

ഖുബൈബ്(റ) പറഞ്ഞു.

“എനിക്ക് ഒരു ആഗ്രഹമേയുള്ളൂ. ഖുറൈശികൾ എന്നെ വധിക്കാൻ വരുന്നതിന്റെ അൽപ്പം മുമ്പ് എനിക്ക് വിവരം തരണം.”

ഖുറൈശികൾ അദ്ദേഹത്തെ വധിക്കാനൊരുങ്ങുന്നതിന് അൽപ്പം മുമ്പ് ഞാൻ വിവരം കൊടുത്തു.

ഖുബൈബ് എന്നോട് ഒരു ക്ഷൗരക്കത്തി ആവശ്യപ്പെട്ടു. ഉടനെ ഞാനത് എന്റെ മകന്റെയടുത്ത് കൊടുത്തയച്ചു. എന്റെ ഹൃദയത്തിൽ ആശങ്ക തോന്നി. ഞാൻ എന്ത് വിവരക്കേടാണ് ചെയ്തിരിക്കുന്നത്. ശത്രുവിന്റെ അടുത്തേക്കാണ് ഞാൻ ക്ഷൗരക്കത്തി മകന്റെ പക്കൽ കൊടുത്തയച്ചത് എന്റെ മകനെ അയാൾ കൊല്ലില്ല എന്ന് എന്താണുറപ്പ്?

ഖുബൈബ്(റ) എന്റെ മകനെ തന്റെ കാൽ മുട്ടിൽ ഇരുത്തി. എന്നിട്ട് പറഞ്ഞു:

“ധീരനായ മകനെ, നിന്റെ ഉമ്മക്ക് എന്റെ വാഗ്ദാന ലംഘനത്തെ കുറിച്ച് ഭയമില്ല. നാം തമ്മിൽ ശത്രുതയുണ്ടായിരിക്കെ ക്ഷൗരക്കത്തിയുമായി നിന്നെ എന്റെ അടുത്തേക്ക് പറഞ്ഞയച്ചല്ലോ?

വാതിൽപ്പഴുതിലൂടെ ഞാനീ രംഗം കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ടായിരുന്നു.

മറിയം ഖുബൈബിനോട് പറഞ്ഞു: ഞാനിതൊന്നും ഓർത്തല്ല എന്റെ മകനെ ക്ഷൗരകത്തിയുമായി അയച്ചത്.

ഖുബൈബ്(റ) മറുപടി പറഞ്ഞു.

മറിയം, നീ സമാധാനിക്കൂ ! എന്റെ മതത്തിൽ വാഗ്ദാനലംഘനമില്ല.

തടവറയുടെ വാതിൽ തുറന്ന് വധിക്കാനായി കൊണ്ടുപോകുമ്പോൾ ഖുബൈബ്(റ) പറഞ്ഞു.

എനിക്ക് രണ്ട് റക്അത്ത് നിസ്കരിക്കാൻ സമയം തരണം. ആ അപേക്ഷ സ്വീകരിക്കപ്പെട്ടു. അദ്ദേഹം പെട്ടെന്ന് രണ്ട് റക്അത്ത് നിസ്കരിച്ചു.

നിസ്കാരം കഴിഞ്ഞ ഉടൻ ഖുബൈബ്(റ) നെ ശത്രുക്കൾ തൂക്കുമരത്തിൽ കയറ്റി. നിർത്തി എന്നിട്ടവർ പറഞ്ഞു.

“ഓ ഖുബൈബ്! ഇസ്ലാം ഉപേക്ഷിക്കാൻ നീ സന്നദ്ധനാവുകയാണെങ്കിൽ നിന്റെ ജീവൻ ഞങ്ങൾ രക്ഷിച്ചു കൊളളാം.”

ഖുബൈബ്( റ)ന്റെ മറുപടി ഇതായിരുന്നു.

“എന്റ ജീവൻ രക്ഷിക്കണമെന്ന് ഞാൻ നിങ്ങളോട് പറഞ്ഞിട്ടില്ല ഇസ്ലാം ഉപേക്ഷിച്ചിട്ട് എനിക്ക് ജീവിച്ചിരിക്കണമെന്ന് ഞാൻ ആഗ്രഹവുമില്ല. ലോകത്തെ സമ്പത്ത് മുഴുവൻ തന്നാലും ഇസ്ലാമാകുന്ന സമ്പത്തും അനുഗ്രഹവും ഉപേക്ഷിക്കാൻ ഞാൻ തയ്യറല്ല.”

ഖുറൈശികൾ ചോദിച്ചു.

മുഹമ്മദ് നിന്റെ സ്ഥാനത്ത് നിൽക്കുകയും നീ സ്വന്തം വീട്ടിൽ കിടന്നുറങ്ങുകയും ചെയ്യുന്നതിനെ നീ ഇഷ്ടപ്പെടുന്നുണ്ടോ?

ഖുബൈബ്(റ) പറഞ്ഞു:

“എന്നെ തൂക്കിലേറ്റിയാലും റസൂൽ നിരുമേനിയുടെ പരിശുദ്ധ ശരീരത്തിൽ ഒരു മുള്ള് തറക്കുന്നത് പോലും ഞാനിഷ്ടപ്പെടുന്നില്ല. മരണത്തിന്റെ വിഷമം എതാനും നിമിഷങ്ങൾകൊണ്ട് തീരും പിന്നീടുള്ള സ്വർഗ്ഗീയ ജീവിതം സുഖകരമായിരിക്കും.

പിന്നെ അധികം താമസമുണ്ടായില്ല. നാലുപാടും നിന്നു അമ്പ് പെയ്യാൻ തുടങ്ങി ശരീരത്തിൽ വന്നു തറച്ച ഒരു അസ്ത്രം ഖുബൈബ് (റ) ന്റെ നെഞ്ചിലും. തൗഹീദിന്റെ വചനം ഉച്ചരിച്ച് ഖുബൈബ്(റ) ഈ ലോകത്തോട് വിടപറഞ്ഞു.

15

# പൊതുകാര്യത്തിന് മുൻഗണന

നബി തിരുമേനി (സ)യുടെ പ്രിയ പുത്രി ഹസ്രത്ത് ഫാത്വിമ (റ) തന്നെയാണ് തന്റെ വീട്ടിലെ എല്ലാ ജോലികളും ചെയ്തിരുന്നത്. ഗനീമത്ത് സ്വത്തായി നബി തിരുമേനിയുടെ പക്കൽ ഏതാനും അടിമ സ്ത്രീകൾ എത്തിയിട്ടുണ്ടെന്നറിഞ്ഞപ്പോൾ ഹസ്രത്ത് അലി(റ) ഫാത്വിമ(റ)യോട് പറഞ്ഞു. വീട്ടിലെ ജോലികൾ ചെയ്ത് കൈ വേദനിക്കുന്നു എന്നും മക്കളുടെ കാര്യം നോക്കാൻ പോലും സമയം കിട്ടുന്നില്ലെന്നും. നീ പരാതിപ്പെടാറില്ലെ. അതുകൊണ്ട് പിതാവിന്റെ അടുത്തു പോയി ഒരു ദാസിയെ വിട്ട് തരാൻ പറയുക. ഫാത്വിമ(റ) പോയി.

മുഹാജിറുകളായ സ്വഹാബികളുടെ പുനരധിവാസ പ്രശ്നം മുമ്പിലുള്ളപ്പോൾ സ്വന്തക്കാരുടെ പ്രശ്നങ്ങൾക്ക് നബിതിരുമേനി പ്രധാന്യം കൽപ്പിക്കുകയില്ലെന്ന് അവർക്കറി യാമായിരുന്നു. എങ്കിലും ഭർത്താവിന്റെ പ്രേരണ കാരണമായ ാണവർ പോയത്. സന്ദർദഭവശാൽ നബി (സ) വീട്ടിലുണ്ടായി രുന്നില്ല. അതിനാൽ ഫാത്വിമ (റ) മടങ്ങിപ്പോന്നു.

ഫാത്വിമ(റ) വന്നു മടങ്ങിപ്പോയ വിവരം അറിഞ്ഞ് നബി തിരുമേനി (സ) അവരുടെ വീട്ടിലേക്ക് ചെന്നു. എന്താണ് കാര്യം നബി തിരുമേനി(സ) ചോദിച്ചു.

ഫാത്വിമ (റ) മൗനം ദീക്ഷിച്ചു.

അലി(റ) കാര്യങ്ങൾ വിശദീകരിച്ചു. നബി തിരുമേനി യുടെ മറുപടി ഇതായിരുന്നു.

വീടും തൊടിയും ഇല്ലാത്ത മുഹാജിറുകളുടെ പ്രശ്നവും വിശപ്പും ദാഹവും മൂലം ഉറക്കം പോലും നിഷിദ്ധ മായ സുഫത്തുകാരുടെ പ്രശ്നവും പരിഹരിക്കുന്നതിനു മുമ്പ് എനിക്ക് ഈ കാര്യം പരിഗണിക്കുവാൻ കഴിയുകയില്ല.

പിന്നീട് ഖൈബർ യുദ്ധത്തിൽ അടിമകളെ ഗനീമത്ത് മുതലായി ലഭിച്ചു. അതിൽ ഫളിയ്യ എന്ന് പേരുള്ള ഒരു ദാസിയെ നബി തിരുമേനി (സ്വ) തന്റെ മകൾക്ക് വിട്ട്കൊ ടുത്തു

16

## മുരിദുമാരോടുള്ള സ്നേഹം

ഒരു ദിവസം ഖാജാ ചിശ്തി(റ) കഅ്ബ ത്വവാഫ് ചെയ്യുന്നതിനിടയിൽ അശരീരികേട്ടു. പ്രാർത്ഥിക്കുക, ഞാൻ സ്വീകരിക്കും.

ഖാജ(റ) അന്ത്യനാൾ വരെ തന്റെ ത്വരീഖത്തിൽ പ്രവേശിക്കുന്ന മുരീദുമാർക്ക് റഹ്മത്തിനും പാപമോചന ത്തിനും വേണ്ടി പ്രാർത്ഥിച്ചു. അല്ലാഹുവേ, എന്റെ മുരീദുമാ രോട് കൂടി അല്ലാതെ എന്നെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കരു ത്.

ബക്തിയാർ കഅ്കി (റ) ദില്ലിയിലെ തന്റെ ഖലീഫ യായിരുന്നു. പ്രബോധന പ്രവർത്തനങ്ങളിൽ അവർ സജീവ മായിരുന്നു. എതിരാളികൾ അവരെ ബുദ്ധിമുട്ടിച്ചു. പണ്ഡിതൻമാർ വരെ അതിൽ പങ്കാളികളായി. പലപ്പോഴും

തന്റെ ശൈഖിന് അതിനെ കുറിച്ച് കത്തുകളെഴുതി ശൈഖിന് അയച്ചു. ശൈഖ് അവർകൾ മറുപടി അയച്ചു.

മോനേ... ഇത്തരം പരീക്ഷണങ്ങൾ ഈമാനിന്റെ വാഹകർക്ക് കണക്കാക്കപ്പെട്ടതാണ്. ഇന്നലെകളിൽ നാമത് കണ്ടു. വരും നാളുകളിൽ അത് തന്നെയാണ് കാണാൻ സാധിക്കുക. അല്ലാഹു നീതി നടപ്പാക്കുക തന്നെ ചെയ്യും.

മുഗൾ ഭരണാധികാരി ശംസുദ്ദീൻ ഇൽതുമിഷിന്റെ ഭരണകാലം. ഇൽതുമിഷ് ബക്തിയാർ കഅ്കി(റ) ന്റെ ശിഷ്യനാണ്.

ഇൽതുമിഷിന്റെ കൊട്ടാരത്തിലേക്ക് ഒരു സ്ത്രീ കടന്നു വന്നു. കൈയിൽ ഒരു കുഞ്ഞ്. ബക്തിയാർ കഅ്കി(റ)വിന് വിവാഹം കഴിക്കാതെ ഉണ്ടായതാണ് ഈ കുഞ്ഞെന്നും അദ്ദേഹമിപ്പോൾ അത് നിഷേധിക്കുന്നുവെന്നും പരാതി ബോധിപ്പിച്ചു. നിരപരാധിയായ സൂഫിയെ കുറിച്ച് കഠിനമായ ആരോപണം ഉന്നയിച്ചിരിക്കുന്നു. നീതിപീഠത്തിനു മുന്നിൽ ബക്തിയാർ(റ) കുറ്റാവാളിയായിരിക്കുന്നു. ജനങ്ങളുടെ കാതിലും വിവരമെത്തി. വിവരം കാട്ടുതീ പോലെ പടർന്ന് പിടിച്ചു.

ഖാജാ ചിശ്തി(റ) അന്ന് രാത്രി സ്വപ്നം കണ്ടു. തന്റെ മുരീദിന്റെ മുഖത്ത് ദു:ഖം തളം കെട്ടിനിൽക്കുന്നു. കാരണം ചോദിച്ചപ്പോൾ പറഞ്ഞു. ശൈഖവറുർകളേ, പരീക്ഷ ഘട്ടമാണ്. കോടതിയിൽ ഞാനൊരു കുറ്റവാളിയാണ്. വിധിനടപ്പാക്കാൻ പോകുന്നു. അങ്ങെനിക്കു വേണ്ടി

പ്രാർത്ഥിക്കുക. ഈ കയ്പേറിയ നിമിഷങ്ങളിൽ രക്ഷ കൈവരിക്കാൻ.

ഖാജ ചിശ്തി(റ) മറുപടി പറഞ്ഞു ഖുതുബ് ക്ഷമിക്കുക. നന്മക്കാണ് വിജയം. നമുക്ക് അല്ലാഹു മതി. ഞാനവിടെ എത്തുന്നത് വരെ വിധി നീട്ടിവെക്കാൻ ഇൽതുമിഷിനോട് പറയുക.

ഇൽതുമിഷ് വല്ലാത്ത മനോവേദനയിൽ ആയിരുന്നു. തന്റെ ശൈഖിനെ കുറിച്ച് കളവ് പ്രചരിപ്പിക്കപ്പെടുന്നു. അവർ നിരപരാധിയാണെന്ന് ഇൽതുമിഷിന് അറിയാമായിരുന്നു. എതിരാളികൾ ഇളകി മറിഞ്ഞു. രാജാവ് നീതി പാലിക്കുന്നില്ല. ബക്തിയാർ(റ) കൂടെ നിൽക്കുകയാണ്.

അങ്ങനെ ചിശ്തി(റ) വരുന്നത് വരെ വിചാരണ നീട്ടി. ഖാജാ (റ) ദൽഹിയിൽ എത്തി. പ്രതികളെ കോടതിയിൽ കൊണ്ട് വരാൻ ആജ്ഞാപിച്ചു. അവർ കോടതിയിൽ ഹജരായി. ഒരു ഭാഗത്ത്  സ്ത്രീ. മറുഭാഗത്ത് ഇൽതുമിഷ്(റ)ന്റെ ശൈഖുമായ ബക്തിയാർ കഅ്കി(റ).

സ്ത്രീ തന്റെ പരാതി കോടതിയിൽ ബോധിപ്പിച്ചു. ബക്തിയാർ കഅ്കി(റ)  പറഞ്ഞു. എനിക്ക് ഈ സ്ത്രീയുമായി ഒരു ബന്ധവുമില്ല. പരാതി ബോധിപ്പിച്ച സ്ത്രീയോട് ബക്തിയാർ കഅ്കി(റ)ന്റെ ശ്രേഷ്ടതകൾ വിവരിച്ചു. ഒരു സന്മനസ്സിനെ എന്തിന് കുറ്റവാളി ആക്കുന്നു എന്ന് ചോദിച്ചു.

ഖാജ ഇടപ്പെട്ടു. ഇത് നീതി പീഠമാണ്. ശ്രേഷ്ടതകൾ ഇവിടെ പറയരുത്. ചിശ്തി(റ)ന്റെ മനസ്സിൽ ദു:ഖം വർധിച്ചു. തന്റെ മുരീദിന് എതിരിൽ ചിലർ നടത്തുന്ന ക്രൂരത അവിടുത്തേക്ക് സഹിക്കാനായില്ല .

ഖാജ ചിശ്തി(റ) സാക്ഷികളെ ഹാജരാക്കാൻ കൽപ്പിച്ചു. സാക്ഷികൾ കോടതിയിൽ ഹാജരായി. പക്ഷേ അവർക്ക് ഒന്നും പറയാൻ സാധിക്കുന്നില്ല.

സ്ത്രീ അത്കണ്ട് അട്ടഹസിച്ച് കരഞ്ഞു. ഭയന്നിട്ടാണ് സംസാരിക്കാൻ കഴിയാത്തത്. സ്ത്രീ ന്യായം ബോധിപ്പിച്ചു. ഖാളി അതേറ്റുപിടിച്ചു. ചിശ്തി(റ) പറഞ്ഞു. എന്നാൽ അല്ലാഹു ഈ വിധി തീരുമാനിക്കും.

കുഞ്ഞിനോട് ആരാണ് തന്റെ പിതാവെന്ന് ചോദിക്കാൻ ഖാളിയോട് ഖാജ ചിശ്തി(റ) പറഞ്ഞു. ഖാളി ചോദിച്ചു. കുട്ടി കരയുക മാത്രം ചെയ്തു. സദസ്സിൽ കൂട്ടച്ചിരിയുയർന്നു. ഖാജ (റ) വിനെയും ബക്തിയാർ കഅകി (റ) നെയും പരിഹസിച്ച് കൊണ്ടുള്ള ചിരി.

അവസാനം ഖാജ(റ) എണീറ്റു. കുട്ടി കരച്ചിൽ നിർത്തി. കുട്ടിയുടെ അടുത്ത് ചെന്ന് നിന്റെ പിതാവ് ആരാണെന്ന് ചോദിച്ചു.

കരച്ചിൽ നിർത്തിയ കുട്ടി മറുപടി പറഞ്ഞു. ഇന്ത്യയുടെ സുൽത്താൻ അങ്ങേക്കു രക്ഷയുണ്ടാവട്ടെ. എന്റെ പിതാവ് ദർബാറിലെ ഉദ്യോഗസ്ഥനാണ്.

കുട്ടി അയാളുടെ പേര് പറഞ്ഞു. കുറ്റവാളി ആരാണെന്ന് ബോധ്യപ്പെട്ടു.

പിഞ്ചുകുഞ്ഞിന്റെ സംസാരം കേട്ട് ജനങ്ങൾ അത്ഭുതപ്പെട്ടു. ചിശ്തി(റ)യുടെ കണ്ണുകൾ നിറഞ്ഞു. നാടു നീളെ കാട്ടുതീ പോലെ വാർത്ത പരന്നു. ഒരുപാട് പേർ ഇസ്ലാം സ്വീകരിച്ചു.

കുറ്റവാളികളായ ആ ഉദ്യോഗസ്ഥനും സ്ത്രീയും പിന്നീട് അവിടുത്തെ മജ്ലിസിൽ വന്ന് തൗബചെയ്ത് ഇസ്ലാം സ്വീകരിച്ചു.